02
2025
ഏപ്രിൽ
ബുധൻ
മീനം 19

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.113 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-113 | പേജ് 4. വില 2.00 രൂപ








02 വേനൽമഴ കരുത്താർജിക്കും; വെള്ളിയാഴ്ച വരെ മഴയ്ക്ക് സാധ്യത

03 എമ്പുരാൻ വിവാദം: ലോക്സഭയിൽ എംപിമാർ നൽകിയ നോട്ടീസ് തള്ളി

04 ബജ്‌രംഗി മാറി ബൽദേവ്; 24 വെട്ടുമായി പുതിയ എമ്പുരാൻ


# വഖഫ് നിയമ ഭേദഗതി: എംപിമാരുടെ പിന്തുണ തേടി സിബിസിഐ

ന്യൂഡൽഹി: വഖഫ് നിയമ ഭേദഗതി ബിൽ പാർലമെൻറിൽ അവതരിപ്പിക്കുന്പോൾ എല്ലാ എംപിമാരും നിഷ്പക്ഷവും ക്രിയാത്മകവുമായ സമീപനം സ്വീകരിക്കണമെന്ന് ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ സമിതി (സിബിസിഐ).

കേരള എംപിമാർ ബില്ലിനെ പിന്തുണയ്ക്കണമെന്ന കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ (കെസിബിസി) ആഹ്വാനത്തിനു പിന്നാലെയാണ് വാർത്താക്കുറിപ്പിലൂടെ സിബിസിഐയും നിലപാട് വ്യക്തമാക്കിയത്.

മുനന്പം ഉൾപ്പെടെയുള്ള ഭൂമിപ്രശ്നങ്ങൾക്ക് വഖഫ് നിയമഭേദഗതിയിലൂടെ ശാശ്വതപരിഹാരം കണ്ടെത്തണമെന്ന് സിബിസിഐ ആവശ്യപ്പെട്ടു. നിലവിലെ വഖഫ് നിയമത്തിലെ ചില വ്യവസ്ഥകൾ ഭരണഘടനയ്ക്കും രാജ്യത്തിന്റെ ജനാധിപത്യ, മതനിരപേക്ഷ മൂല്യങ്ങൾക്കും എതിരാണെന്നത് യാഥാർഥ്യമാണ്. മുനന്പം പ്രദേശത്തെ അറുനൂറിലധികം കുടുംബങ്ങളുടെ ഭൂമി വഖഫ് ഭൂമിയായി പ്രഖ്യാപിക്കാൻ വഖഫ് നിയമത്തിലെ വ്യവസ്ഥകൾ, വഖഫ് ബോർഡ് ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

കഴിഞ്ഞ മൂന്നുവർഷമായി ഈ വിഷയം സങ്കീർണമായിക്കൊണ്ടിരിക്കുകയാണെന്നും പത്രക്കുറിപ്പിൽ ചൂണ്ടിക്കാട്ടി. നിയമ ഭേദഗതി കൊണ്ടു മാത്രമേ വിഷയത്തിനു പരിഹാരമുണ്ടാക്കാൻ സാധിക്കൂ എന്നും മെത്രാൻസമിതി വ്യക്തമാക്കി. ഇക്കാര്യം ജനപ്രതിനിധികൾ അംഗീകരിക്കണം. മുനന്പം ജനങ്ങളുടെ ഭൂമി ഉടമസ്ഥതാവകാശം നിയമാനുസൃതമായി പൂർണമായും വീണ്ടെടുക്കണം.

ഭരണഘടനാവിരുദ്ധമായ വ്യവസ്ഥകൾ ഭേദഗതി ചെയ്യപ്പെടേണ്ടതാണ്. അതേസമയം, ഭരണഘടന ഉറപ്പു നൽകുന്ന മതന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും സിബിസിഐ പ്രസ്താവനയിൽ വ്യക്തമാക്കി.

അതേസമയം, വഖഫ് ബില്ലിനെ അനുകൂലിക്കണമെന്നുള്ള ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെയും (സിബിസിഐ) കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെയും (കെസിബിസി) നിലപാടിനെ സ്വാഗതം ചെയ്ത് കേന്ദ്ര മന്ത്രിമാരായ കിരൺ റിജിജുവും നിർമല സീതാരാമനും.

ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും പരിഹരിക്കേണ്ടത് രാഷ്ട്രീയതലത്തിലുള്ളവരുടെ കടമയാണെന്ന് സിബിസിഐയുടെയും കെസിബിസിയുടെയും വാർത്താക്കുറിപ്പുകൾ സമൂഹമാധ്യമമായ എക്സിൽ പങ്കുവച്ചുകൊണ്ട് കേന്ദ്ര ന്യൂനപക്ഷ മന്ത്രി കിരൺ റിജിജു ചൂണ്ടിക്കാട്ടി.

നിയമത്തിലെ ഭരണഘടനാ വിരുദ്ധമായ വകുപ്പുകൾ നീക്കംചെയ്യണമെന്നാണ് കെസിബിസി ആവശ്യപ്പെടുന്നതെന്ന് ധനകാര്യ മന്ത്രി നിർമല സീതാരാമനും എക്സിൽ കുറിച്ചു.



മണൽ നീക്കത്തിനു തുടക്കം കുറിച്ചു കൊണ്ട് ശക്തികുളങ്ങര സെന്റ് ജോൺ ഡി ബ്രിട്ടോ പള്ളിവികാരി ഫാദർ രാജേഷ് മാർട്ടിൻ ഫ്ളാഗ് ഓഫ് ചെയ്യുന്നു.

# Sakthikulangara St. John De Britto Church Partners with KMML for Sustainable Soil Exchange

Sakthikulangara: As part of ongoing reconstruction efforts, excavation for civil and structural works commenced at Sakthikulangara St. John De Britto Church in October 2024. During the excavation process, local parishioners, including former employees of the Indian Rare Earths Limited (IRE) and Kerala Minerals and Metals Ltd. (KMML), identified the soil as containing valuable mineral content.Following this discovery, KMML was informally invited to conduct testing, which confirmed the presence of rare earth minerals. Both IRE and KMML expressed interest in acquiring the excavated soil for processing and engaged in discussions with the Parish Council. After careful consideration, the Church granted KMML permission to proceed, issuing a formal consent letter for the exchange.Under the approved Site Development Plan, approximately 6,965.458 cubic meters of soil was estimated for excavation. In accordance with regulatory requirements, the Church approached the Department of Mining and Geology to obtain the necessary approvals. Comprehensive documentation, including land records, the approved site plan, estimates sanctioned by the Kollam Municipal Corporation, and an agreement with KMML, was submitted for government review.Despite the Atomic Minerals Concession Rules, 2016, which restrict mining and exchange of rare earth mineral sands to government agencies, the Kerala Government, through Order No. 366/2025/ID dated March 29, 2025, granted special approval for the exchange. This landmark decision allowed KMML to acquire the excavated soil while providing tailing sand in return to the Church.Throughout the process, the local communtiy demonstrated remarkable patience and cooperation, temporarily storing the excavated soil in the Church parking area while awaiting government authorization. This collaborative effort has resulted in a mutually beneficial outcome for both KMML and the Church, with the Kerala Government playing a pivotal role in facilitating the exchange. Sakthikulangara St. John De Britto Church is a historic place of worship dedicated to serving its congregation and fostering communtiy development. As part of its ongoing infrastructure enhancement, the Church remains committed to responsible resource management and communtiy collaboration.

(Rev. Fr. Rajesh MartinParish Priest, St. John De Britto Church, Sakthikulangara)

# കടൽമണൽ ഖനനം: പ്രധാനമന്ത്രിക്ക് കത്തെഴുതി രാഹുൽ ഗാന്ധി

ന്യൂഡൽഹി: കേരളം, ഗുജറാത്ത്, ആൻഡമാൻ നിക്കോബാർ മേഖലകളിലെ കടൽമണൽ ഖനനം അനുവദിക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തെ ശക്തമായി അപലപിച്ച് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി.

പാരിസ്ഥിതിക ആഘാതം വിലയിരുത്താതെ കടൽത്തീര ഖനനത്തിനുള്ള ടെൻഡറുകൾ ക്ഷണിച്ച നടപടി നിർത്തിവയ്ക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് അയച്ച കത്തിൽ രാഹുൽ ആവശ്യപ്പെട്ടു. പരിസ്ഥിതി ആഘാതം വിലയിരുത്താതെ സ്വകാര്യകന്പനികൾക്ക് ഖനനത്തിനായി കടൽത്തീരം തുറന്നു കൊടുക്കുന്നത് ആശങ്കാജനകമാണെന്നും അദ്ദേഹം കത്തിൽ ചൂണ്ടിക്കാട്ടി.

ദശലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികൾ അവരുടെ ഉപജീവനമാർഗത്തെക്കുറിച്ച് ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. കൂടിയാലോചനയില്ലാതെയും തീരദേശ മേഖലയിൽ ദീർഘകാല സാമൂഹിക, സാന്പത്തിക ആഘാതപഠനം നടത്താതെയുമാണ് ടെൻഡറുകൾ ക്ഷണിച്ചതെന്നും രാഹുലിന്റെ കത്തിൽ ചൂണ്ടിക്കാട്ടി.

സമുദ്രജീവികൾക്കുള്ള ഭീഷണി, പവിഴപ്പുറ്റുകളുടെ നാശം, മത്സ്യസന്പത്തിന്റെ ശോഷണം തുടങ്ങി നിരവധി പ്രതികൂല പ്രത്യാഘാതങ്ങൾ ഖനനത്തിനു ഫലമായി നേരിടേണ്ടിവരും. കേരളത്തിൽ 11 ലക്ഷത്തിലധികം ആളുകൾ മത്സബന്ധനത്തെ ആശ്രയിക്കുന്നവരാണ്. അവരുടെ ജീവിതരീതിയുമായി അതിന് അടുത്ത ബന്ധമുണ്ട്.

വൈവിധ്യമാർന്ന ആവാസവ്യവസ്ഥയായി ഗ്രേറ്റ് നിക്കോബാർ ആഗോളതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടതാണ്. കൂടാതെ, നിരവധി തദ്ദേശീയ വന്യജീവികളുടെ ആവാസ കേന്ദ്രവുമാണിവിടം. കടൽത്തീരഖനനം മൂലമുണ്ടാകുന്ന ഏതൊരു പ്രതാഘാതവും പരിഹരിക്കാനാകാത്ത നാശനഷ്ടങ്ങൾക്ക് കാരണമാകും.

ഖനനത്തിന് അനുവദിച്ച കൊല്ലം തീരം ഒരു പ്രധാന മത്സ്യ പ്രജനന കേന്ദ്രമാണ്. ഖനനം അനുവദിച്ചാൽ ഇവയുടെ ആവാസവ്യവസ്ഥയെ ബാധിക്കുമെന്നും രാഹുൽ കത്തിൽ ചൂണ്ടിക്കാട്ടി.

ഈ സാഹചര്യത്തിൽ കടൽത്തീര ഖനനത്തിനായി നൽകിയ ടെൻഡറുകൾ റദ്ദാക്കണമെന്ന് സർക്കാരിനോട് ശക്തമായി അഭ്യർഥിക്കുന്നതായും രാഹുൽ വ്യക്തമാക്കി. സാമൂഹികവും സാന്പത്തികവുമായ ആഘാതം വിലയിരുത്തുന്നതിന് കർശനമായ ശാസ്ത്രീയ പഠനങ്ങൾ നടത്തണം.

അതോടൊപ്പം ഏതെങ്കിലും പ്രധാന തീരുമാനം എടുക്കുന്നതിന് മുന്പ് എല്ലാ പങ്കാളികളുമായും, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികളുമായി കൂടിയാലോചന നടത്തണമെന്നും രാഹുൽ പ്രധാനമന്ത്രിക്ക് അയച്ച കത്തിൽ ആവശ്യപ്പെട്ടു.

# സുരക്ഷിത തീരം സമൃദ്ധ ഭാരതം പ്രമേയമാക്കി സൈക്ലത്തോൺ

## പിന്നിടുന്നത് 6553 കിലോമീറ്റർ തീരപ്രദേശം

തിരുവനന്തപുരം: 2025 മാർച്ച് 31 56ാമത് സിഐഎസ്എഫ് സ്ഥാപക ദിനാഘോഷങ്ങളുടെ ഭാഗമായി നടത്തിയ 6553 കിലോമീറ്റർ ദൈർഘ്യമുള്ള സൈക്ലത്തോൺ റാലി കന്യാകുമാരിയിൽ സമാപനം. ഇന്ന് തിരുവനന്തപുരം, തുമ്പ, വിക്രം സാരാഭായി സ്പേസ് സെന്ററിൽ സൈക്ലത്തോണിന് സ്വീകരണം നൽകി. തിരുവനന്തപുരത്തെ സിഐഎസ്എഫ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന പരിപാടിയിൽ. എൽപിഎസ്സി ഡയറക്ടർ ശ്രീ എം മോഹൻ, സീനിയർ കമാൻഡന്റ് ശ്രീ അഭിഷേക് ചൗധരി, കമാൻഡന്റ് ശ്രീ അശുതോഷ് ഗൗർ എന്നിവർക്കൊപ്പം വിഎസ്എസ്സി തുമ്പ യൂണിറ്റ് ലൈനിലെ സൈക്ലിസ്റ്റുകളെ സ്വീകരിച്ചു. വിഎസ്എസ്സി ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ തിരുവനന്തപുരം റേഞ്ച് ഡിഐജി എസ് അജീത ബീഗം മുഖ്യാതിഥിയായി. എൽപിഎസ്സി ഡയറക്ടർ ശ്രീ എം. മോഹൻ, സബ് കളക്ടർ, ശ്രീ ആൽഫ്രഡ് ഒ വി തുടങ്ങിയവർ പങ്കെടുത്തു. ലോക വനിതാ ബോക്സിങ് ചാമ്പ്യനും മേജർ ധ്യാൻചന്ദ് അവാർഡ് ജേതാവുമായ കെ



സി ലേഖ പരിപാടി തുടർന്നുള്ള യാത്ര ഫ്ലാഗ് ഓഫ് ചെയ്തു. സൈക്ലത്തോണിന്റെ സമാപന ചടങ്ങുകൾ വൈകുന്നേരം കന്യാകുമാരി സ്വാമി വിവേകാനന്ദ സ്മാരകത്തിൽ നടക്കും. ചടങ്ങിൽ സിഐ എസ് എഫ് ഡയറക്ടർ ജനറൽ രജ്വീന്ദർ സിങ് ഭാട്ടി പങ്കെടുക്കും. ഈ മാസം ഏഴിന് ആഭ്യന്തര മന്ത്രി അമിത് ഷാ ഓൺലൈനായി ഉദ്ഘാടനം ചെയ്ത സൈക്ലത്തോൺ 25 ദിവസം പിന്നിട്ടാണ് ഇന്ന് കന്യാകുമാരിയിൽ സമാപിക്കുന്നത്. ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടക, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിലെ പശ്ചിമ തീരപാതയിലൂടെ 3,800 കിലോമീറ്ററും പശ്ചിമ ബംഗാൾ, ഒഡിഷ, ആന്ധ്രാപ്രദേശ്, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ കിഴക്കൻ തീര പാതയിലൂടെ 2,750 കിലോമീറ്ററും താണ്ടിയാണ് സൈക്ലത്തോൺ കന്യാകുമാരിയിൽ എത്തുന്നത്. 14 വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ 125 സിഐഎസ്എഫ് സൈക്ലിസ്റ്റുകൾ നയിക്കുന്ന റാലിയിൽ രജിസ്റ്റർ ചെയ്ത 1100 സൈക്ലിസ്റ്റുകളും പങ്കാളികളായി. തീരദേശ സുരക്ഷ, ലഹരിക്കടത്ത്, സമുദ്രാതിർത്തി വഴിയുള്ള നുഴഞ്ഞു കയറ്റം തുടങ്ങിയവയ്ക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ തീരദേശ സമൂഹത്തിന്റെ പിന്തുണ ഉറപ്പാക്കുകയും അവബോധം വളർത്തുകയുമാണ് സുരക്ഷിത തീരം സമൃദ്ധ ഭാരതം എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന സൈക്ലത്തോണിന്റെ ലക്ഷ്യം. സൈക്ലത്തോൺ റാലിയിലും അനുബന്ധ പരിപാടികളിലും ഇതു വരെ 25 ലക്ഷം പേർ നേരിട്ടും 2 കോടിയിലേറെ പേർ ഓൺലൈനിലൂടെയും പങ്കാളികളായി. 50 ലധികം പ്രദേശിക മത്സ്യബന്ധന സമൂഹങ്ങളുമായും സ്കൂൾ വിദ്യാർത്ഥികളുമായും സൈക്ലത്തോൺ സംഘം ആശയവിനിമയം നടത്തി. തീരദേശ സുരക്ഷയ്ക്കായി ജാഗ്രതയോടെയും ഐക്യത്തോടെയും പ്രവർത്തിക്കുക എന്ന സന്ദേശമാണ് സൈക്ലത്തോൺ പങ്കുവെക്കുന്നത്. കലാ, കായിക, സാംസ്കാരിക രംഗത്തെ പ്രമുഖരുടെ പിന്തുണയോടെയാണ് സൈക്ലത്തോൺ സംഘടിപ്പിച്ചത്.




# വൃത്തി കോൺക്ലേവ്: ദേശീയ സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ പങ്കെടുക്കും

ഏപ്രിൽ 9ന് തിരുവനന്തപുരം കനകക്കുന്നിൽ ആരംഭിക്കുന്ന വൃത്തി–2025 ദേശീയ കോൺക്ലേവിലെ കോൺഫറൻസുകളും സെമിനാറുകളും വർക്ക്ഷോപ്പുകളും ഏപ്രിൽ 10 മുതൽ 12 വരെ നടക്കും.മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളെപ്പറ്റിയും വിശദമായ ചർച്ചകൾക്കും പരിഹാരാന്വേഷണങ്ങൾക്കും വഴിയൊരുക്കുക എന്നതാണ് സെഷനുകളുടെ ലക്ഷ്യം. ഏഴു മേഖലകളിലായി അറുപത് സെഷനുകളിലായി ഇരുനൂറോളം വിദഗ്ദ്ധരാണ് അഞ്ചുദിവസത്തെ പരിപാടിയിൽ ആശയങ്ങൾ പങ്കുവയ്ക്കുക. ദ്രവ മാലിന്യ സംസ്കരണം, ഖര മാലിന്യ സംസ്കരണം, കാലാവസ്ഥാവ്യതിയാനം, ചാക്രിക സമ്പദ് വ്യവസ്ഥ, നയവും നിയമങ്ങളും, മാധ്യമങ്ങൾ, ആശയവിനിമയവും ബോധവൽക്കരണവും എന്നീ മേഖലകളാക്കി തിരിച്ചാണ് ചർച്ചകൾ സംഘടിപ്പിക്കുന്നത്.കേന്ദ്ര സർക്കാരിനു കീഴിലുള്ള അമൃത് മിഷൻ, സ്വച്ഛ് ഭാരത് മിഷൻ ദേശീയതലത്തിൽ സർക്കാരേതര സ്ഥാപനങ്ങൾ, ഐഐടി പോലുള്ള അക്കാദമിക സ്ഥാപനങ്ങൾ, സാങ്കേതിക വിദ്യകൾ വികസിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങൾ, മാലിന്യസംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പ്രതിനിധികൾ വിവിധ സെഷനുകളിൽ പങ്കെടുക്കും. ശുചിത്വമിഷൻ, കേരള ഖര മാലിന്യ സംസ്കരണ പദ്ധതി, കില, കുടുംബശ്രീ എന്നിവയുടെ നേതൃത്വത്തിലാണ് സെഷനുകൾ നടക്കുന്നത്. ഹരിതകേരളം മിഷൻ, ക്ലീൻ കേരള കമ്പനി, ഇംപാക്ട് കേരള, മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതി, സ്മാർട്ട് സിറ്റി തിരുവനന്തപുരം, ഐകെഎം, മലിനീകരണ നിയന്ത്രണ ബോർഡ്, അമൃത് കേരള, വിവിധ സർക്കാർ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ പ്രതിനിധികളും പങ്കെടുക്കും.



കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ ഏപ്രിൽ, മേയ് മാസങ്ങളിൽ നടത്തുന്ന അവധിക്കാല ക്ലാസുകളുടെ പ്രവേശനോത്സവം ഭക്ഷ്യ–സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി ആർ അനിൽ വിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു. ജവഹർ ബാലഭവൻ ചെയർമാൻ അഡ്വ വി.കെ പ്രശാന്ത് എം.എൽ.എ, സാസ്കാരിക കാര്യ വകുപ്പ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ, കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ തുടങ്ങിയവർ സമീപം

# അപകീർത്തി പരാമർശം കുനാൽ കമ്രയ്ക്ക് മുൻകൂർ ജാമ്യം

മുംബൈ: മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെയ്ക്കെതിരായ രാജ്യദ്രോഹി പരാമർശവുമായി ബന്ധപ്പെട്ട കേസിൽ സ്റ്റാൻഡ്–അപ്പ് കൊമേഡിയൻ കുനാൽ കമ്രയ്ക്ക് മുൻകൂർ ജാമ്യം അനുവദിച്ച് മദ്രാസ് ഹൈക്കോടതി. മഹാരാഷ്ട്രയിൽ രജിസ്റ്റർ ചെയ്ത കേസിലാണ് ട്രാൻസിറ്റ് മുൻകൂർ ജാമ്യം തേടി കമ്ര മദ്രാസ് ഹൈക്കോടതിയെ സമീപിച്ചത്. കേസിൽ അടിയന്തര വാദം കേൾക്കണമെന്ന് കമ്രയുടെ അവശ്യം ജസ്റ്റിസ് സുന്ദർ മോഹന്റെ ബെഞ്ച് പരിഗണിക്കുകയായിരുന്നു. ഏപ്രിൽ ഏഴ് വരെ അദ്ദേഹത്തെ അറസ്റ്റ് ചെയ്യാൻ പാടില്ലെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്.തനിക്ക് ശിവസേനാ നേതാക്കളിൽ നിന്ന് വധഭീഷണിയുണ്ടെന്നും അതിനാൽ പൊലീസിന് മുന്നിൽ ഹാജരാകാൻ ഭയമുണ്ടെന്നും കമ്ര കോടതിയിൽ വ്യക്തമാക്കി. തമിഴ്നാട്ടിലെ വില്ലുപുരത്ത് സ്ഥിരതാമസക്കാരനായതിനാലാണ് മദ്രാസ് ഹൈക്കോടതിയെ സമീപിച്ചതെന്നും അദ്ദേഹം ഹർജിയിൽ ചൂണ്ടിക്കാട്ടി. മുംബൈയിലെ ഒരു ഹോട്ടലിൽ നടന്ന പരിപാടിക്കിടെയാണ് ഷിൻഡെ രാജ്യദ്രോഹിയാണെന്ന പരാമർശം കമ്ര നടത്തിയത്. പിന്നാലെ കമ്രയ്ക്കെതിരെ പൊലീസ് കേസെടുത്തു. കമ്ര മാപ്പ് പറയണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസും രംഗത്തെത്തിയിരുന്നു. എന്നാൽ ഷിൻഡെയ്ക്കെതിരെ നടത്തിയ പരാമർശത്തിൽ തനിക്ക് ഖേദമില്ലെന്നും കോടതി ആവശ്യപ്പെട്ടാൽ മാത്രമേ മാപ്പ് പറയൂ എന്നുമായിരുന്നു കമ്രയുടെ നിലപാട്.

## സഹകരണ എക്സ്പോ: ഏജൻസികൾ ഹാജരാകണം

സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കനകക്കുന്ന് പാലസിൽ ഏപ്രിൽ 21 മുതൽ 30 വരെ നടക്കുന്ന സഹകരണ എക്സ്പോ –2025 (മൂന്നാം എഡിഷൻ) നു ആവശ്യമായ ബാഗ്, മൊമന്റോകൾ മറ്റു സാധനങ്ങൾ എന്നിവ തയ്യാറാക്കി നൽകുന്നതിനു താൽപര്യമുള്ള ഏജൻസികൾ ഏപ്രിൽ 7ന് രാവിലെ 11.30 മണിക്ക് തിരുവനന്തപുരം, ജഗതി, ഡി.പി.ഐ ജംഗ്ഷനിലുള്ള ജവഹർ സഹകരണ ഭവനിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0471–2330825, 9495656355 വെബ് സൈറ്റ്: cooperation.kerala.gov.in.

# റിക്രൂട്ടിംഗ് ഏജൻസികളിൽ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് റെയ്ഡ്

നിയമവിരുദ്ധമായി പ്രവർത്തിച്ച റിക്രൂട്ട്മെന്റ് ഏജൻസികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി, പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സും പൊലീസും സംയുക്തമായി കോട്ടയത്തെ നിരവധി റിക്രൂട്ട്മെന്റ് ഏജൻസികളിൽ മിന്നൽ പരിശോധന നടത്തി. കുടിയേറ്റ തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് തടയുക എന്ന ലക്ഷ്യത്തോടെ നടത്തിയ "ഓപ്പറേഷൻ മൈഗ്രന്റ് ഷീൽഡ്"ന്റെ രണ്ടാം ഘട്ടത്തിൽ, ദുരുദ്ദേശപരമായ രേഖകൾ ചമയ്ക്കൽ, അനധികൃത റിക്രൂട്ട്മെന്റ്, 1983–ലെ എമിഗ്രേഷൻ നിയമത്തിന്റെ ലംഘനങ്ങൾ എന്നിവയുൾപ്പെടെ നിരവധി നിയമവിരുദ്ധ പ്രവർത്തനങ്ങൾ കണ്ടെത്തി. വ്യാജ തൊഴിൽ കരാറുകൾ, പരിചയ സമ്പന്നരല്ലാത്ത തൊഴിലന്വേഷകരെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ എന്നിവയുൾപ്പെടെയുള്ള കുറ്റകരമായ രേഖകൾ റെയ്ഡിൽ പിടിച്ചെടുത്തു. പ്രാഥമിക അന്വേഷണത്തിൽ ഈ ഏജൻസികൾ സാധുവായ ലൈസൻസുകളില്ലാതെയാണ് പ്രവർത്തിക്കുന്നതെന്നും വ്യാജ വാഗ്ദാനങ്ങൾ നൽകി ഇന്ത്യൻ തൊഴിലാളികളെ വിദേശത്തേക്ക് അയയ്ക്കുന്നതിൽ പങ്കാളികളാണെന്നും കണ്ടെത്തി.റിക്രൂട്ടിങ് ഏജൻസികളുടെ സേവനങ്ങൾ സ്വീകരിക്കുന്നതിനുമുമ്പ് ഇ–മൈഗ്രേറ്റ് പോർട്ടലിൽ അവ നിയമാനുസൃതമാണോ എന്ന് പരിശോധിച്ച് ഉറപ്പാക്കണമെന്ന് പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് വാർത്താക്കുറിപ്പിൽ അറിയിച്ചു.

## മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അദാലത്ത്

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം മേഖല ഓഫീസ് പരിധിയിൽപ്പെട്ട തിരുവനന്തപുരം കൊല്ലം ജില്ലകളിലെ ഫിഷറീസ് ഓഫീസുകളിൽ ലഭിച്ച അപേക്ഷകളിൽ തീർപ്പാകാതെ നിൽക്കുന്നവയിൽ പരിഹാരം കാണുന്നതിനും ക്ഷേമ പദ്ധതി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുമായി 2025 ഏപ്രിലിൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അദാലത്തുകൾ സംഘടിപ്പിക്കുന്നു.

അദാലത്തിൽ പങ്കെടുക്കുന്നതിനായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അതാത് ഫിഷറീസ് ഓഫീസുകളിലോ തീരുവനന്തപുരം മേഖല ഓഫീസുകളിലോ ക്ഷേമനിധി അംഗങ്ങൾ ഏപ്രിൽ 10 നകം വിവരങ്ങൾ സഹിതം അപേക്ഷ നൽകണം. ഫോൺ: 0471–2325483.

# ഒറ്റപ്പാലത്ത് എസ്ഐയെ ആക്രമിച്ച സംഭവം; പ്രതികൾ കസ്റ്റഡിയിൽ

പാലക്കാട്: ഒറ്റപ്പാലം മീറ്റ്നയിൽ എസ്ഐയെ ആക്രമിച്ച സംഭവത്തിൽ പ്രതികൾ കസ്റ്റഡിയിൽ. മീറ്റ്ന സ്വദേശികളായ ഷിബു, വിവേക് എന്നിവരാണ് കസ്റ്റഡിയിലായത്. യുവാക്കൾ തമ്മിലുള്ള തർക്കം തീർക്കാനെത്തിയ എസ്ഐയെ പ്രതികൾ ആക്രമിക്കുകയായിരുന്നു. എസ്ഐയെ മറ്റൊരാൾക്കും പരിക്കേറ്റിരുന്നു. ഒറ്റപ്പാലം മീറ്റ്നയിൽ തിങ്കളാഴ്ച രാത്രി 12 ന് നടന്ന സംഭവത്തിൽ ഒറ്റപ്പാലം പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്ഐ രാജ് നാരായണനും പോലീസ് കസ്റ്റഡിയിലെടുത്ത അക്ബർ എന്നയാൾക്കുമാണ് വെട്ടേറ്റത്. മീറ്റ്നയിൽ ഇരുസംഘങ്ങൾ തമ്മിൽ ഏറ്റുമുട്ടുന്നു എന്നറിഞ്ഞാണ് പോലീസ് എത്തിയത്. അക്രമികളെ പിടിച്ചുമാറ്റുന്നതിനിടെ ഇരു വിഭാഗങ്ങളും പോലീസിനു നേരെ തിരിയുകയായിരുന്നു. സ്ഥലത്തു നിന്ന് കസ്റ്റഡിയിലെടുത്ത അക്ബറിനെ പോലീസ് വാഹനത്തിൽ കയറ്റാൻ ശ്രമിക്കുന്നതിനിടെയാണ് ഗ്രേഡ് എസ്ഐയ്ക്ക് കുത്തേറ്റത്. പരിക്കേറ്റ ഇരുവരെയും കണ്ണിയംപുറത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആരുടെയും പരിക്ക് ഗുരുതരമല്ലെന്ന് ആശുപത്രി അധികൃതർ പറഞ്ഞു. സംഘർഷത്തിൽ നിരവധിപേർക്ക് പരിക്കേറ്റതായും കേസ് എടുത്തെന്നും പോലീസ് പറഞ്ഞു.

# "ആ തീരുമാനം ഇന്ന് എടുക്കുന്നു"; ഫേസ്ബുക്ക് പോസ്റ്റുമായി എൻ. പ്രശാന്ത്

തിരുവനന്തപുരം: നിർണായക തീരുമാനം എടുക്കുമെന്ന സൂചന നൽകി എൻ. പ്രശാന്ത് ഐഎഎസിന്റെ പോസ്റ്റ്. ആ തീരുമാനം ഇന്ന് എടുക്കുന്നു എന്നാണ് പ്രശാന്ത് ഫേസ്ബുക്കിൽ കുറിച്ചത്. ഔദ്യോഗിക ഫേസ്ബുക്ക് അക്കൗണ്ടിലാണ് പോസ്റ്റ് പങ്കുവച്ചത്. ഐഎഎസ് ചേരിപ്പോരിൽ ആറുമാസമായി സസ്പെൻഷനിലാണ് പ്രശാന്ത്. അഡീഷണൽ ചീഫ് സെക്രട്ടറി ജയതിലകിനെയും കെ. ഗോപാലകൃഷ്ണൻ ഐഎഎസിനെയും സാമൂഹ്യ മാധ്യമങ്ങളിലൂടെ വിമർശിച്ചു എന്നതിന്റെ പേരിലാണ് പ്രശാന്തിനെ സസ്പെമെൻഡ് ചെയ്തത്. ഇതിന് പിന്നാലെ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ പ്രശാന്തിന് കുറ്റാരോപിത മെമ്മോ നൽകിയിരുന്നു. ഇതിനു മറുപടി നൽകാതെ ചില ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ചീഫ് സെക്രട്ടറിക്ക് പ്രശാന്ത് രണ്ട് കത്തുകൾ നൽകി. ഇതിനു മറുപടി നൽകിയശേഷം കുറ്റാരോപിത മെമ്മോയ്ക്ക് മറുപടി നൽകാമെന്നായിരുന്നു പ്രശാന്തിന്റെ നിലപാട്. ഇതാണ് സസ്പെൻഷൻ നീട്ടാൻ കാരണമായത്. കുറ്റാരോപിത മെമ്മോയ്ക്ക് പ്രശാന്ത് മറുപടി നൽകിയിട്ടില്ലെന്ന വാദമുയർത്തി റിവ്യൂ കമ്മിറ്റി 120 ദിവസത്തേക്ക് സസ്പെൻഷൻ നീട്ടുകയായിരുന്നു.

## പൊതുജനങ്ങൾക്കായി കൈറ്റിന്റെ ഓൺലൈൻ എ.ഐ. കോഴ്സ്

നിത്യജീവിതത്തിൽ എ.ഐ ടൂളുകൾ ഫലപ്രദമായി ഉപയോഗിക്കാൻ സാധാരണക്കാരെ പര്യാപ്തമാക്കുന്ന തരത്തിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നടത്തുന്ന ഓൺലൈൻ പരിശീലന പദ്ധതിയുടെ രണ്ടാം ബാച്ച് ഏപ്രിൽ 12 ന് ആരംഭിക്കുന്നു. നാലാഴ്ച ദൈർഘ്യമുള്ള 'എ.ഐ എസൻഷ്യൽസ് ' എന്ന ഓൺലൈൻ കോഴ്സിലേക്ക് ഏപ്രിൽ 10 വരെ അപേക്ഷിക്കാം.www.kite.kerala.gov.in എന്ന വെബ്സൈറ്റിലൂടെയാണ് ഏപ്രിൽ 10 വരെ രണ്ടാം ബാച്ചിലേക്ക് രജിസ്റ്റർ ചെയ്യേണ്ടത്. ജി.എസ്.ടി ഉൾപ്പെടെ 2,360 രൂപയാണ് ഫീസ്. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. ആദ്യം രജിസ്റ്റർ 2500 പേർക്കായിരിക്കും പ്രവേശനം.വീഡിയോ ക്ലാസുകൾക്കും റിസോഴ്സുകൾക്കും എല്ലാ ആഴ്ചയിലും ഓൺലൈൻ കോൺടാക്ട് ക്ലാസ് ഉണ്ടായിരിക്കും.ഓഫീസ് ആവശ്യങ്ങൾ ഉൾപ്പെടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് എഐ ടൂളുകൾ എങ്ങനെ പ്രയോജനപ്പെടുത്താം, സോഷ്യൽ മീഡിയയിലെ ഉള്ളടക്കം തയ്യാറാക്കൽ, കല–സംഗീത–സാഹിത്യ മേഖലകളിൽ പ്രയോജനപ്പെടുത്താവുന്ന ടൂളുകൾ, പ്രോംപ്റ്റ് എഞ്ചിനീയറിംഗ്, റെസ്പോൺസിബിൾ എ.ഐ എന്നിങ്ങനെയുള്ള മേഖലകളിൽ വിദ്യാർത്ഥികൾ ഉൾപ്പെടെ എല്ലാ വിഭാഗം ആളുകൾക്കും പ്രയോജനപ്പെടുന്ന വിധത്തിലാണ് കോഴ്സിന്റെ രൂപകല്പന.നേരത്തെ 80,000 സ്കൂൾ അധ്യാപകർക്കായി കൈറ്റ് നടത്തിയ എ.ഐ. പരിശീലന മൊഡ്യൂൾ പുതിയ ടൂളുകൾ ഉൾപ്പെടുത്തി മെച്ചപ്പെടുത്തിയ പുതിയ കോഴ്സിന്റെ ഒന്നാം ബാച്ചിൽ 500–ൽ അധികം പേരാണ് പഠനം പൂർത്തിയാക്കിയത്. അരലക്ഷത്തിലധികം അധ്യാപകർക്ക് ഓൺലൈൻ പരിശീലനം നൽകിയ കൂൾ പ്ലാറ്റ്ഫോമിലാണ് പരിശീലനം.

# കേരള സ്റ്റേറ്റ് ജവഹർ ബാലഭവനിൽ മധ്യവേനലവധിക്കാല ക്ലാസുകൾ ഇന്ന് ആരംഭിക്കും

### പ്രവേശനോത്സവം മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്തു

കേരളം സ്റ്റേറ്റ് ജവഹർ ബാലഭവൻ നടത്തുന്നത് പോലെയുള്ള അവധിക്കാല കൂട്ടായ്മകളിലൂടെ സാമൂഹ്യ അന്തരീക്ഷത്തിലെ പലവിധ പൊതുവിഷയങ്ങളെ സംബന്ധിച്ച് കുട്ടികൾക്ക് ശരിതെറ്റുകൾ മനസ്സിലാക്കാൻ കഴിയുന്ന ഒരു സാഹചര്യമാണ് സൃഷ്ടിക്കേണ്ടതെന്നു ഭക്ഷ്യ–സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി ആർ അനിൽ. കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ ഏപ്രിൽ, മേയ് മാസങ്ങളിൽ നടത്തുന്ന അവധിക്കാല ക്ലാസുകളുടെ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. മധ്യവേനലവധിക്കാല ക്ലാസുകൾ ഏപ്രിൽ 2ന് ആരംഭിക്കും.

അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും മാറി ശാസ്ത്രബോധത്തെ സംബന്ധിച്ചും യുക്തിചിന്തയെ സംബന്ധിച്ചുമെല്ലാം കുട്ടികൾക്ക് കൂടുതൽ മനസിലാക്കാൻ കഴിയുന്ന വിഷയങ്ങൾ ആണ് ഈ അവധിക്കാല ക്ലാസുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി മനസ്സിലാക്കുന്നത്. കുട്ടികൾക്ക് പല മേഖലകളിലെയും പ്രമുഖരുമായി മുഖാമുഖം സംവദിക്കാൻ കഴിയുന്ന സാഹചര്യം ഇതിന്റെ ഭാഗമായി ഒരുക്കുന്നുണ്ട്. കുട്ടികളുടെ വ്യക്തിത്വ വികസനത്തിൽ ഇത്തരം അവധിക്കാല കൂട്ടായ്മകൾ സഹായിക്കും. അത് നന്നായി പ്രയോജനപ്പെടുത്താൻ രക്ഷകർത്താക്കൾക്കും വിദ്യാർഥികൾക്കും കഴിയണമെന്നു മന്ത്രി പറഞ്ഞു.

മുൻകാലങ്ങളെ അപേക്ഷിച്ച് എത്രയോ അധികം അറിവും കഴിവും ഉള്ളവരാണ് പുതിയ തലമുറ. ഓരോ തലമുറ കഴിയുമ്പോഴും അവരുടെ അറിവ് കൂടുതൽ മെച്ചപ്പെടുന്ന ഒരു സാഹചര്യമാണ് ലോകത്തുള്ളത്. പാഠപുസ്തകങ്ങളിൽ നിന്ന് പഠിച്ചിരുന്ന സ്ഥാനത്തു നിന്ന് കൈവിരല്തുമ്പിൽ ലോകത്തെ കാണാനും അറിയാനും മനസ്സിലാക്കാനും കഴിയുന്ന ഒരു കാലഘട്ടത്തിലാണ് നമ്മുടെ പുതിയ തലമുറ വളരുന്നത്. അതിന്റെ നല്ല വശങ്ങൾ പഠിക്കാൻ വേണ്ടിയാണു പുതുതലമുറയിൽ മഹാഭൂരിപക്ഷവും ശ്രമിക്കുന്നത്. പക്ഷേ യുവജനങ്ങളിൽ അപൂർവം ചിലർ വഴി മാറി തെറ്റായ ദിശയിലും സഞ്ചരിക്കുന്നു. അങ്ങനെയുള്ള പ്രവണതകൾ തിരുത്താനുള്ള വല്യ പരിശ്രമം കേരളത്തിൽ സർക്കാർ തന്നെ മുൻകൈ എടുത്തു മുന്നോട്ടു പോകുന്ന ഒരു കാലഘട്ടമാണിതെന്നു മന്ത്രി പറഞ്ഞു. ജവഹർ ബാലഭവന്റെ പ്രവർത്തനങ്ങൾ നമ്മുടെ രാജ്യത്തെ മറ്റു പല സ്ഥാപനങ്ങൾക്കും മാതൃകയാക്കാവുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

രണ്ടു മാസക്കാലത്തെ ക്ലാസുകളിൽ ഗതാഗത വകുപ്പ് മന്ത്രി കെ ബി ഗണേഷ് കുമാർ, ജോൺ ബ്രിട്ടാസ് എം.പി, മുൻ എം.പി എ സമ്പത്ത്, സാസ്കാരിക കാര്യ വകുപ്പ് ഡയറക്ടർ ഡോ ദിവ്യ എസ് അയ്യർ, കവിയും എഴുത്തുകാരനുമായ വിനോദ് വൈശാഖി, ചലച്ചിത്ര നടി വിന്ദുജ മേനോൻ, സൈക്യാട്രിസ്റ്റ് അരുൺ ബി.നായർ, കണ്ണൂർ ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി.കെ സുരേഷ് ബാബു എന്നിവർ കുട്ടികളുമായുള്ള മുഖാമുഖം പരിപാടിയിൽ വിവിധ വിഷയങ്ങളിൽ സംവദിക്കും. വയോജന സദസ്, പാരന്റ്സ് ഡേ, ഫുഡ് ഫെസ്റ്റ്, ടോയ് ഫെസ്റ്റ്, ബാലസാഹിത്യ പുസ്തകമേള എന്നീ പരിപാടികളും ഉണ്ടായിരിക്കും.

ജവഹർ ബാലഭവൻ ചെയർമാൻ അഡ്വ വി.കെ പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിച്ച ഉദ്ഘാടന ചടങ്ങിൽ ചലച്ചിത്ര താരവും കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി ചെയർമാനുമായ പ്രേംകുമാർ മുഖ്യാതിഥിയായിരുന്നു. സാംസ്കാരിക കാര്യ വകുപ്പ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ, ബാലഭവൻ എക്സിക്യൂട്ടീവ് ഓഫീസർ ഒ. കെ. രാജൻ, ബാലഭവൻ പ്രിൻസിപ്പൽ–ഇൻ–ചാർജ് വി കെ നിർമ്മലകുമാരി തുടങ്ങിയവർ സന്നിഹിതരായിരുന്നു. കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ മധ്യവേനലവധിക്കാല ക്ലാസുകൾ ഏപ്രിൽ 2ന് ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 2316477/ 8590774386.

# ഇന്നുമുതൽ വെള്ളത്തിനും വൈദ്യുതിക്കും വില കൂടും

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നു മുതൽ വൈദ്യുതിക്കും കുടിവെള്ളത്തിനുമുൾപ്പെടെ വില വർധിക്കും. പ്രതിമാസം 250 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപയോക്താക്കൾക്ക് യൂണിറ്റിന് അഞ്ച് മുതൽ 15 പൈസ വരെയാണ് ഏപ്രിൽ മുതൽ അധികമായി നൽകേണ്ടിവരിക. ഡിസംബറിൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രഖ്യാപിച്ച നിരക്കുവർധനയുടെ ഭാഗമായാണ് വൈദ്യുതിനിരക്ക് കൂടുന്നത്. ഫിക്സഡ് ചാർജിൽ അഞ്ച് മുതൽ 15 രൂപ വരെയുള്ള വർധനയും ഈ മാസം മുതലുണ്ടാകും. ഇതിനു പുറമേ ഏപ്രിലിൽ ഏഴ് പൈസ സർചാർജും ഉപയോക്താക്കൾ നൽകേണ്ടതുണ്ട്. പ്രതിമാസം 250 യൂണിറ്റിനു മുകളിൽ ഉപയോഗിക്കുന്നവർക്ക് ആദ്യ യൂണിറ്റ് മുതൽ ഒരേ നിരക്കാണ് നൽകേണ്ടിവരിക. ഈ വിഭാഗത്തിലുള്ള ഉപയോക്താക്കൾക്ക് വിവിധ സ്ലാബുകളിലായി 25 പൈസ വരെയാണ് വർധന. നിരക്കു വർധനയിലൂടെ 357.28 കോടി രൂപയുടെ അധികവരുമാനമാണ് കെഎസ്ഇബി ലക്ഷ്യമിടുന്നത്. വൈദ്യുതിക്കു പുറമേ വെള്ളത്തിനും വില കൂടും. വെള്ളക്കരത്തിൽ അഞ്ച് ശതമാനം വർധനയുണ്ടായേക്കും. കേന്ദ്ര സർക്കാർ വ്യവസ്ഥ പ്രകാരമാണ് ഈ വർധന. ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് കഴിഞ്ഞവർഷം സംസ്ഥാനസർക്കാർ ഇതൊഴിവാക്കിയിരുന്നു. ഇക്കുറി ഇതു സംബന്ധിച്ച ഉത്തരവുകളൊന്നും വന്നിട്ടില്ല. അതിനാൽ നിരക്കു വർധനയുണ്ടായേക്കുമെന്ന വിവരമാണ് അധികൃതർ നൽകുന്നത്. ഇതിനു പുറമെ ടോൾ, ഭൂനികുതി, കോടതി ഫീസ് തുടങ്ങിയവയും വർധിക്കും. ഭൂമിയുടെ പാട്ട നിരക്കും പരിഷ്കരിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളുടെ നികുതി പുനഃക്രമീകരണവും ഈ മാസമുണ്ടാകും. കോൺട്രാക്ട് കാര്യേജ് നികുതിഘടന ഏകീകരിക്കുന്നതിനാൽ ടൂറിസ്റ്റ് ബസുകളുടെ നിരക്കിലും വർധനയുണ്ടാകും. 15 വർഷം കഴിഞ്ഞ വാഹനങ്ങളുടെ നികുതി 50 ശതമാനം വർധിക്കും. ടോൾ നിരക്കും വർധിക്കും. കാറുകൾക്ക് അഞ്ചു രൂപയും വലിയ വാഹനങ്ങൾക്ക് 15 രൂപയും എന്ന നിരക്കിലാണ് ദേശീപാതാ അഥോറിറ്റി ടോൾ നിരക്ക് വർധിപ്പിച്ചിട്ടുള്ളത്.

# വേനൽമഴ കരുത്താർജിക്കും; വെള്ളിയാഴ്ച വരെ ഇടിയോടുകൂടിയ മഴയ്ക്ക് സാധ്യത

തിരുവനന്തപുരം: ദിവസങ്ങൾക്കുള്ളിൽ സംസ്ഥാനത്ത് വേനൽമഴ കരുത്താർജിക്കുമെന്നു കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം. ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും ബുധനാഴ്ചയും ഇടിമിന്നലോടുകൂടിയ മഴയ്ക്കും; വ്യാഴം, വെള്ളി ദിവസങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കേന്ദ്ര കാലാവസ്ഥാവകുപ്പ് നേരത്തെ പുറത്തുവിട്ട അഞ്ചു ദിവസത്തേക്കുള്ള മഴ സാധ്യതാ പ്രവചനം അനുസരിച്ച് വ്യാഴം, വെള്ളി ദിവസങ്ങളിൽ വിവിധ ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. വ്യാഴാഴ്ച പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിലും വെള്ളിയാഴ്ച എറണാകുളം, തൃശൂർ ജില്ലകളിലുമാണ് മുന്നറിയിപ്പുള്ളത്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

അതേസമയം, സംസ്ഥാനത്ത് തിങ്കളാഴ്ച വരെ 91 ശതമാനം അധികമഴ ലഭിച്ചു. മാർച്ച് ഒന്നു മുതൽ ഇന്നലെ വരെ 34.4 മില്ലീമീറ്റർ മഴ പെയ്യേണ്ട സ്ഥാനത്ത് 65.7 മില്ലീ മീറ്റർ മഴയാണു പെയ്തത്. മിക്ക ജില്ലകളിലും മാർച്ച് മാസത്തിൽ ശരാശരി ലഭിക്കേണ്ടതിനേക്കാൾ അധികം മഴ ലഭിച്ചു.

കണ്ണൂരിൽ ഇക്കാലയളവിൽ 270 ശതമാനം അധിക മഴ പെയ്തപ്പോൾ വയനാട്ടിൽ 226 ശതമാനവും കോഴിക്കോട്ട് 219 ശതമാനവും മലപ്പുറത്ത് 184 ശതമാനവും തിരുവനന്തപുരത്ത് 188 ശതമാനവും കോട്ടയത്ത് 121 ശതമാനവും അധിക മഴ ലഭിച്ചു.

## ആയുർവേദത്തിൽ ബിഎസ്‌സി നഴ്സിങ്ങും ബിഫാമും

തിരുവനന്തപുരം: കണ്ണൂർ പറശ്ശിനിക്കടവ് എംവിആർ ആയുർവേദ മെഡിക്കൽ കോളജിൽ കേരള ആരോഗ്യസർവകലാശാല (കെയുഎച്ച്എസ്) അംഗീകരിച്ച 2024–2025 വർഷത്തെ ബിഎസ്സി. നേഴ്സിങ് (ആയുർവേദം), ബിഫാം (ആയുർവേദം) കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് എൽബിഎസ് സെന്റർ ഡയറക്ടറുടെ www. lbscentre. kerala. gov. in വെബ്സൈറ്റ് വഴി ഓൺലൈനായി ഏപ്രിൽ 10 വരെ അപേക്ഷിക്കാം. അപേക്ഷാഫീസ് പൊതുവിഭാഗത്തിനു 800 രൂപയും പട്ടികജാതി/ പട്ടികവർഗ വിഭാഗത്തിന് 400 രൂപയുമാണ്. ഓൺലൈൻ വഴിയോ വെബ്സൈറ്റ് വഴി ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ ഫീസ് ഒടുക്കാവുന്നതാണ്. വ്യക്തിഗത അക്കാദമിക വിവരങ്ങൾ ഓൺലൈൻ ആയി www. lbscentre. kerala. gov. in വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം. ബന്ധപ്പെട്ട രേഖകൾ ഓൺലൈൻ ആപ്ലിക്കേഷൻ സമർപ്പിക്കുന്ന അവസരത്തിൽ അപ്ലോഡ് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 0471–2324396.

## ടെൻഡർ തീയതി നീട്ടിവെച്ചു

തിരുവനന്തപുരം: മാർച്ച് ഏപ്രിൽ മാസങ്ങളിൽ തൃശൂരിൽ വച്ച് നടക്കുന്ന തൃശൂർ പൂരം പ്രദർശന മേളയിൽ കൃഷിവകുപ്പിന്റെ സ്റ്റാൾ സജ്ജീകരിക്കുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്ന്/ സ്ഥാപനങ്ങളിൽ നിന്ന് മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചിരുന്നു. എന്നാൽ മതിയായ എണ്ണം ദർഘാസുകൾ ലഭിക്കാത്ത സാഹചര്യത്തിൽ ദർഘാസുകൾ സമർപ്പിക്കേണ്ട അവസാന തീയതി ഏപ്രിൽ മൂന്ന് വരെ നീട്ടിയതായി പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫിസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 9400056665

ഇങ്ങനെ ലഭിക്കുന്ന വിവരങ്ങൾ കേരള സംസ്ഥാന, ജില്ലാ ദുരന്ത നിവാരണ അതോറിട്ടികളുമായി പങ്കിടുകയും അതിലൂടെ വെള്ളപ്പൊക്ക മുന്നറിയിപ്പുകൾ മുൻകൂട്ടി പൊതുജനങ്ങൾക്ക് നൽകാനും സാധിക്കും. ഇതിലൂടെ വെള്ളപ്പൊക്കത്തിന്റെ ആഘാതം ലഘൂകരിക്കുന്നതിനും ഒഴിപ്പിക്കൽ, സ്ഥലംമാറ്റം, അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ തുടങ്ങിയ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ഏജൻസികൾക്ക് സാധിക്കും എന്നാണ് വിലയിരുത്തപ്പെടുന്നത്.

## കൊച്ചിയിൽ വൻ കുഴൽപ്പണ വേട്ട; ഓട്ടോയിൽ കടത്തിയ രണ്ട് കോടി രൂപ പിടിച്ചെടുത്തു

കൊച്ചി: ഓട്ടോറിക്ഷയിൽ കടത്തിക്കൊണ്ടുവന്ന കണക്കിൽപ്പെടാത്ത പണം പിടികൂടി. കൊച്ചിയിൽ വില്ലിംഗ്ടൺ ഐലൻഡിന് സമീപം ആണ് സംഭവം.

തമിഴ്നാട് സ്വദേശിയായ രാജഗോപാൽ, ബീഹാർ സ്വദേശിയായ സതീഷ് എന്നിവരെ പോലീസ് പിടികൂടി. രണ്ടുകോടിയോളം രൂപയുമായാണ് ഇവർ പിടിയിലായത്.

ഓട്ടോയിൽ രണ്ട് തുണി സഞ്ചികളിലായിട്ടായിരുന്നു പണം കടത്തിയത്. രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് ഇരുവരും പിടിയിലായത്. സംഭവത്തിൽ അന്വേഷണം പുരോഗമിക്കുകയാണ്.

## ഗുജറാത്തിലെ പടക്കനിർമാണശാലയിൽ സ്ഫോടനം; 17 പേർ മരിച്ചു

അഹമ്മദാബാദ്: ഗുജറാത്തിലെ ഡീസയിൽ പടക്കനിർമാണശാലയിലും ഗോഡൗണിലുമായുള്ള സ്ഫോടനത്തിൽ 17 പേർ മരിച്ചു. സ്ഫോടനത്തിൽ കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ തകർന്നിട്ടുണ്ട്.

കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങികിടക്കുന്ന നിലയിലാണ് മൃതദേഹങ്ങൾ കണ്ടെടുത്തത്. കെട്ടിടത്തിന്റെ സ്ലാബ് തകർന്നതിനെ തുടർന്ന് രക്ഷാപ്രവർത്തനങ്ങൾക്ക് തടസമുണ്ടായതാണ് മരണനിരക്ക് കൂടാൻ കാരണം. ഇന്ന് ഉച്ചയോടെയാണ് സ്ഫോടമുണ്ടായത്. ബോയിലർ പൊട്ടിത്തെറിച്ചാണ് തീപിടിത്തമുണ്ടായതെന്നാണ് പ്രാഥമിക നിഗമനം. അഗ്നിരക്ഷാസേനയും സംസ്ഥാന ദുരന്തനിവാരണസേനയും ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തിയത്. നിലവിൽ തീ നിയന്ത്രണവിധേയമായിട്ടുണ്ട്.

# കേരള സ്റ്റാർട്ടപ്പ് മിഷൻ കൊട്ടക് മഹീന്ദ്രയുമായി ധാരണാപത്രം ഒപ്പുവച്ചു സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക പിന്തുണ വർദ്ധിപ്പിക്കുക ലക്ഷ്യം



*കേരള സ്റ്റാർട്ടപ്പ് മിഷനും കൊട്ടക് മഹീന്ദ്ര ബാങ്കും ധാരണാപത്രം കൈമാറിയ ശേഷം കെഎസ്‌യുഎം സിഇഒ അനൂപ് അംബികയും കൊട്ടക് മഹീന്ദ്ര ബാങ്ക് സൗത്ത് സോണൽ ഹെഡ് ആൻഡ് ഡിസ്ട്രിബ്യൂഷൻ ഹെഡ് താക്കൂർ ഭാസ്കറും. അശോക് കുര്യൻ പഞ്ഞിക്കാരൻ (കെഎസ്‌യുഎംസീനിയർ മാനേജർ) , വിശാൽ ബി (ലീഡ്, കോർപ്പറേറ്റ് ആക്സിലറേഷൻ), ബിജു നാരായണൻ (കൊട്ടക് മഹീന്ദ്ര ബാങ്ക് സീനിയർ മാനേജർ), അനീഷ്.വി (സർക്കിൾ മാനേജർ, കേരള- ഗവൺമെന്റ് ബിസിനസ്), വിജയ് ശിവറാം മേനോൻ (റീജണൽ ബിസിനസ് ഹെഡ്, കേരള), ദീപു നായർ (തിരുവനന്തപുരം ഏരിയാ മാനേജർ), പ്രിയദർശിനി എസ്.പി (ടെക്നോപാർക്ക് ബ്രാഞ്ച് മാനേജർ) എന്നിവർ സമീപം.*

തിരുവനന്തപുരം: സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനും സ്റ്റാർട്ടപ്പുകൾക്കുള്ള സാമ്പത്തിക ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ് യുഎം) കൊട്ടക് മഹീന്ദ്ര ബാങ്കുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. കൃഷി, മെഡിക്കൽ സാങ്കേതികവിദ്യ, ഇലക്ട്രോണിക്സ്, ബഹിരാകാശം തുടങ്ങിയ മേഖലകളിലെ സ്റ്റാർട്ടപ്പുകളിലാണ് ധാരണാപത്രം ശ്രദ്ധ കേന്ദ്രീകരിക്കുക.

സ്റ്റാർട്ടപ്പുകൾക്ക് ബിസിനസ് മെച്ചപ്പെടുത്താനുള്ള മാർഗനിർദേശം ലഭ്യമാക്കുന്നതിനൊപ്പം സാമ്പത്തിക ലഭ്യത ഉറപ്പു വരുത്താനും കൊട്ടക് മഹീന്ദ്രയുമായുള്ള സഹകരണം സഹായകമാകും.ദുബായ്, യുകെ, സിംഗപ്പൂർ എന്നിവിടങ്ങളിലെ കൊട്ടക്കിൻറെ അന്താരാഷ്ട്ര ഓഫീസുകൾ വഴി കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് വിദേശ വിപണികളിലേക്ക് എത്തിച്ചേരാനാകും. സ്റ്റാർട്ടപ്പുകൾക്ക് എൻആർഐ കമ്മ്യൂണിറ്റിയുമായി ബന്ധം സ്ഥാപിക്കാനും ധാരണാപത്രം വഴിയൊരുക്കും.റെഗുലേറ്ററി കംപ്ലയൻസസ്, കയറ്റുമതി വരുമാനം, ധനസമാഹരണം എന്നിവയെക്കുറിച്ചുള്ള മാസ്റ്റർ ക്ലാസുകൾ, മെൻററിംഗ് സെഷനുകൾ, റിവേഴ്സ് പിച്ചിംഗ്, ശില്പശാലകൾ തുടങ്ങിയവ കെഎസ് യുഎം സംഘടിപ്പിക്കും. സ്റ്റാർട്ടപ്പുകൾക്കുള്ള ഇൻകുബേഷൻ, മെൻറർഷിപ്പ്, ഫണ്ടിംഗ്, പ്രാരംഭ ഘട്ട സംരംഭങ്ങളുടെ വളർച്ചയ്ക്കാവശ്യമായ സേവനങ്ങൾ തുടങ്ങിയവയും ലഭ്യമാക്കും.സ്റ്റാർട്ടപ്പുകളുടെ ഉത്പാദന പ്രവർത്തനങ്ങൾക്കും മികച്ച വിപണിയ്ക്കുമുള്ള സാമ്പത്തികം കണ്ടെത്താൻ ഒരു പ്രധാന ധനകാര്യ സ്ഥാപനമായ കൊട്ടക് മഹീന്ദ്ര ബാങ്കുമായുള്ള സഹകരണം സഹായകമാകുമെന്ന് കെഎസ് യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. സംസ്ഥാനത്തിൻറെ അതിവേഗം വളരുന്ന സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ വിശ്വാസ്യതയെ പ്രതിഫലിപ്പിക്കുന്നതാണ് കൊട്ടക് മഹീന്ദ്രയുമായുള്ള സഹകരണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കരാർ പ്രകാരം കൊട്ടക് മഹീന്ദ്ര ബാങ്ക് വിവിധ ബിസിനസ്സ് ബാങ്കിംഗ് ഉത്പന്നങ്ങളിലൂടെ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കും. സ്റ്റാർട്ടപ്പുകളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള വിവിധ സേവനങ്ങളും ലഭ്യമാക്കും.

ഇന്ത്യയിലെ മുൻനിര സാമ്പത്തിക സേവന കമ്പനികളിൽ ഒന്നാണ് 1985 ൽ സ്ഥാപിതമായ കൊട്ടക് മഹീന്ദ്ര ഗ്രൂപ്പ്. നഗര, ഗ്രാമ പ്രദേശങ്ങളിലെ റീട്ടെയിൽ, കോർപ്പറേറ്റ് ഉപഭോക്താക്കളെ മുന്നിൽ കണ്ടുള്ള കൺസ്യൂമർ ബാങ്കിംഗ്, കോർപ്പറേറ്റ് ബാങ്കിംഗ്, ട്രഷറി തുടങ്ങിയ ബിസിനസ് യൂണിറ്റുകൾ ബാങ്കിനുണ്ട്.

## ഗുണ്ടൽപേട്ടിൽ കാറും ട്രാവലറും കൂട്ടിയിടിച്ച് അപകടം; രണ്ട് മലയാളികൾ മരിച്ചു

ബംഗളൂരു: കർണാടകയിലെ ഗുണ്ടൽപേട്ടിൽ കാറും ട്രാവലറും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ രണ്ട് മലയാളികൾ മരിച്ചു. മലപ്പുറം കൊണ്ടോട്ടി സ്വദേശികളാണ് മരിച്ചത്. രണ്ട് പേർക്ക് ഗുരുതരമായി പരിക്കേറ്റു.

അപകടത്തിൽപ്പെട്ടവരുടെ പേര് വിവരങ്ങൾ ലഭ്യമായിട്ടില്ല. വണ്ടി നമ്പർ ഉപയോഗിച്ച് ആളുകളെ തിരിച്ചറിയാൻ ശ്രമിക്കുകയാണെന്ന് പോലീസ് അറിയിച്ചു.

ഇന്ന് രാവിലെ ഗുണ്ടൽപേട്ടിലെ ബെണ്ടഗള്ളി ഗേറ്റിലാണ് അപകടമുണ്ടായത്. രണ്ട് കുട്ടികൾ അടക്കം ഏഴ് പേരടങ്ങുന്ന കുടുംബമാണ് അപകടത്തിൽപ്പെട്ടത്. കുട്ടികൾ സുരക്ഷിതരെന്ന് പോലീസ് അറിയിച്ചു. കാറിന്റെ മുൻ സീറ്റിൽ ഇരുന്നവരാണ് മരിച്ചത്. കൊണ്ടോട്ടി രജിസ്ട്രേഷൻ കാറും കർണാടക രജിസ്ട്രേഷൻ ട്രാവലറുമാണ് കൂട്ടിയിടിച്ചത്. കാർ കർണാടക ഭാഗത്തേക്ക് പോകുമ്പോൾ ആണ് അപകടമുണ്ടായത്. പരിക്കേറ്റവരെ രണ്ട് ആശുപത്രികളിലായി പ്രവേശിപ്പിച്ചു.

## വാണിജ്യ ഗ്യാസ് സിലിണ്ടർ വില 41 രൂപ കുറച്ചു; ഗാർഹിക എൽപിജി വിലയിൽ മാറ്റമില്ല

ന്യൂഡൽഹി: വാണിജ്യാവശ്യങ്ങൾക്കുള്ള ഗ്യാസ് സിലണ്ടറുകളുടെ വില എണ്ണക്കമ്പനികൾ കുറച്ചു. 19 കിലോഗ്രാം വാണിജ്യ എൽപിജി ഗ്യാസ് സിലിണ്ടറുകൾക്ക് 41 രൂപയാണു കുറച്ചത്. ന്യൂഡൽഹിയിൽ പുതുക്കിയ റീട്ടെയിൽ വിൽപന വില ഇപ്പോൾ 1,762 രൂപയാണ്. ചെന്നൈയിൽ വില 1921.50 ആയി. കൊച്ചിയിൽ 1767–1769 രൂപ നിരക്കിലാകും വാണിജ്യ സിലണ്ടറുകൾ ലഭിക്കുക. ഹോട്ടലുകൾക്കും റസ്റ്ററൻറുകൾക്കും വിലക്കുറവ് ആശ്വാസമാകും. കഴിഞ്ഞ മാസം, പ്രധാന നഗരങ്ങളിൽ വാണിജ്യ എൽപിജി സിലിണ്ടർ വില ആറ് രൂപ വർധിപ്പിച്ചിരുന്നു. ഫെബ്രുവരിയിൽ ഏഴ് രൂപ കുറച്ചശേഷമായിരുന്നു ഈ വർധന. ഗാർഹിക പാചകത്തിന് ഉപയോഗിക്കുന്ന ഗാർഹിക എൽപിജി വിലയിൽ മാറ്റമില്ല.

# ലാൽ സാറിന് കഥ അറിയാമായിരുന്നു, പൃഥ്വിരാജിനെ ഒറ്റപ്പെടുത്തേണ്ടതില്ല; ആൻറണി പെരുമ്പാവൂർ

കൊച്ചി: വിവാദങ്ങൾ എമ്പുരാൻ സിനിമയ്ക്ക് തിരിച്ചടിയല്ലെന്ന് നിർമാതാവ് ആൻറണി പെരുമ്പാവൂർ. സിനിമയെ സിനിമയായി കാണണമെന്നും എമ്പുരാനിൽ നിന്ന് മുറിച്ചുമാറ്റിയത് രണ്ട് മിനിറ്റ് ദൃശ്യങ്ങൾ മാത്രമാണെന്നും ആൻറണി കൊച്ചിയിൽ മാധ്യമങ്ങളോട് പറഞ്ഞു. മോഹൻലാലിന് കഥ അറിയാമായിരുന്നുവെന്നും ഈ വിഷയത്തിൽ പൃഥ്വിരാജിനെ ഒറ്റപ്പെടുത്തേണ്ട കാര്യമില്ലെന്നും അദ്ദേഹം പറഞ്ഞു.

ഭയം എന്നുള്ളതല്ല. നമ്മൾ ഈ സമൂഹത്തിൽ ജീവിക്കുന്നതാണല്ലോ. ഞങ്ങൾ ഒന്നിച്ച് എടുത്ത തീരുമാനമാണ് റീ എഡിറ്റ്. രണ്ട് മിനിറ്റും ചെറിയ സെക്കൻറും മാത്രമാണ് കട്ട് ചെയ്തിരിക്കുന്നത്. വേറെ ആരുടെയും നിർദ്ദേശപ്രകാരമല്ല ഈ മാറ്റം. ഞങ്ങളുടെ ഇഷ്ടപ്രകാരം ചെയ്തതാണ്. ഞങ്ങൾക്കിടയിൽ വിയോജിപ്പ് ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എല്ലാവരുടെയും സമ്മതത്തോടെയാണ് റീ എഡിറ്റ് ചെയ്തത്. മോഹൻലാൽ സാറിന് ഈ സിനിമയുടെ കഥ അറിയാം, എനിക്കറിയാം, മറ്റെല്ലാവർക്കും അറിയാം. പൃഥ്വിരാജിനെ ഒറ്റപ്പെടുത്തേണ്ട കാര്യമില്ല. ഞങ്ങൾ എത്രയോ വർഷമായി അറിയാവുന്ന ആളുകളാണ്. ഞങ്ങൾ ഒന്നിച്ചെടുത്ത തീരുമാനമാണ് എമ്പുരാൻ നിർമിക്കണമെന്നും വരണമെന്നും. മോഹൻലാലിന് സിനിമ അറിയില്ല എന്ന് പറയുന്നതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. സിനിമയിൽ തെറ്റ് എന്തെങ്കിലും ഉണ്ടെങ്കിൽ അത് കറക്ട് ചെയ്യേണ്ടത് ഞങ്ങളുടെ ഇത്തരവാദിത്വമാണ്.

റീ എഡിറ്റിംഗ് ആരുടെയും ഭീഷണിയായിട്ട് കരുതരുത്. വിവാദത്തിലേക്ക് പോകേണ്ട കാര്യമില്ല. ജനങ്ങളെല്ലാം വളരെ സന്തോഷത്തോടെ സിനിമ ഏറ്റെടുത്ത് കഴിഞ്ഞു. ഞങ്ങൾക്ക് ശരിയെന്ന് തോന്നിയതാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്. റീ എഡിറ്റിംഗ് സമ്മർദ്ദത്തിന്റെ പുറത്തല്ല. ചിത്രത്തിന്റെ റീ എഡിറ്റഡ് വേർഷൻ ഇന്ന് തന്നെ തീയേറ്ററുകളിൽ എത്തിക്കാനാണ് ശ്രമം. ആഗോള തലത്തിൽ 200 കോടി കളക്ഷൻ വന്നിട്ടുണ്ട്. ഇതൊന്നും വലിയ വിവാദമാക്കേണ്ട കാര്യമില്ലെന്നും മുരളി ഗോപി പ്രതികരിക്കാത്തതിനേക്കുറിച്ച് അദ്ദേഹത്തോട് തന്നെ ചോദിക്കണമെന്നും ആൻറണി പറഞ്ഞു.

ചിത്രത്തിന്റെ എഡിറ്റിംഗ് വർക്ക് നടന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. ഒരുപാട് സമയം എഡിറ്റ് ചെയ്ത് നീക്കുന്നില്ല. രണ്ട് മിനിറ്റ് മാത്രമാണ് എഡിറ്റ് ചെയ്യുന്നത്. റീ എഡിറ്റഡ് വേർഷൻ ഇന്ന് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് സാങ്കേതികമായ പ്രവർത്തനമാണല്ലോ പെട്ടന്ന് പറഞ്ഞാൽ നടക്കുന്ന കാര്യമല്ലല്ലോ. ആൻറണി പെരുന്പാവൂർ പറഞ്ഞു.

## മദ്യപാനികൾ വലിച്ചെറിഞ്ഞ ബിയർ കുപ്പി ദേഹത്ത് വീണ് അഞ്ചുവയസുകാരന് പരിക്ക്

തിരുവനന്തപുരം: ബാറിൽ എത്തിയവർ തമ്മിലുണ്ടായ തർക്കത്തിനിടയിൽ പുറത്തേക്ക് എറിഞ്ഞ ബിയർകുപ്പി ദേഹത്തു വീണ് അഞ്ചുവയസുകാരന് പരിക്ക്. കാട്ടാക്കട കള്ളിക്കാടുണ്ടായ സംഭവത്തിൽ അരുവിക്കുഴി സ്വദേശി ആദം ജോണിനും കുട്ടിയുടെ പിതാവ് രജനീഷിനുമാണ് പരിക്കേറ്റത്.

ബാറിന് പുറത്ത് കാറിൽ ഉണ്ടായിരുന്നവരും ബാറിനകത്ത് ഉണ്ടായിരുന്ന ഒരു വിഭാഗവുമായി വാക്ക് തർക്കം ഉണ്ടാവുകയും ഇത് കൈയ്യാങ്കളിയിലേക്ക് നീങ്ങുകയുമായിരുന്നു. ഇതിനിടെയാണ് ബാറിൽ നിന്നിറങ്ങിയവർ കൈയിൽ ഉണ്ടായിരുന്ന ബിയർ കുപ്പി റോഡിലേക്ക് വലിച്ചെറിഞ്ഞത്. ഈ സമയം റോഡിലൂടെ യാത്ര ചെയ്യുകയായിരുന്നു അഞ്ച് വയസുകാരനും പിതാവും. കുട്ടിയുടെ നെഞ്ചിലും കാലിലും ബിയർ കുപ്പിയുടെ ചില്ലുകൾ തുളച്ചു കയറി. പരിക്കേറ്റ ഇരുവരും ആശുപത്രിയിൽ ചികിത്സതേടി. കാട്ടാക്കട പോലീസ് അന്വേഷണം ആരംഭിച്ചു.

## കത്വയിൽ വീണ്ടും ഏറ്റുമുട്ടൽ; മൂന്ന് ഭീകരർ ഒളിച്ചിരിക്കുന്നുവെന്ന് സൈന്യം

ശ്രീനഗർ: ജമ്മുകാഷ്മീരിലെ കത്വയിലെ ബിലാവാര മേഖലയിൽ വീണ്ടും ഏറ്റുമുട്ടൽ. പ്രദേശത്ത് മൂന്ന് ഭീകരർ ഒളിച്ചിരിക്കുന്നതായാണ് വിവരം. സൈന്യം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദേശം നൽകി.

ഭീകരരെ സഹായിച്ചെന്ന് ആരോപിച്ച് ഒരു കുടുംബത്തിലെ ആറുപേരെ സൈന്യം കസ്റ്റഡിയിലെടുത്തു. നാല് സ്ത്രീകൾ ഉൾപ്പടെയാണ് പിടിയിലായത്. മേഖലയിൽ കഴിഞ്ഞ മൂന്നു ദിവസത്തിനിടെയുണ്ടാകുന്ന രണ്ടാമത്തെ ഏറ്റുമുട്ടലാണിത്. കഴിഞ്ഞയാഴ്ച ഇതേ പ്രദേശത്ത് രണ്ട് ഭീകരരെ സൈന്യം വധിച്ചിരുന്നു. ഏറ്റുമുട്ടലിൽ നാല് പോലീസുകാർ വീരമൃത്യുവരിക്കുകയും ചെയ്തിരുന്നു. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഉൾപ്പെടെ അഞ്ച് സുരക്ഷാ ഉദ്യോഗസ്ഥർ പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിലാണ്. തുടർന്ന് ഇന്ത്യൻ ആർമി, നാഷണൽ സെക്യൂരിറ്റി ഗാർഡ്സ് (എൻഎസ്ജി), ബോർഡർ സെക്യൂരിറ്റി ഫോഴ്സ് (ബിഎസ്എഫ്), ജമ്മുകാഷ്മീർ പോലീസിന്റെ സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ്, സെൻട്രൽ റിസർവ് പോലീസ് ഫോഴ്സ് (സിആർപിഎഫ്) എന്നിവിടങ്ങളിൽ നിന്നുള്ള സംഘങ്ങൾ അഞ്ച് ദിവസം കത്വയിൽ തിരച്ചിൽ നടത്തിയിരുന്നു.

# 68,000 കടന്ന് സ്വർണക്കുതിപ്പ്, ഒരാഴ്ച കൊണ്ട് കൂടിയത് 2,600 രൂപ

കൊച്ചി: സംസ്ഥാനത്ത് സകല റിക്കാർഡുകളും പഴങ്കഥയാക്കി സ്വർണക്കുതിപ്പ്. തിങ്കളാഴ്ച ചരിത്രത്തിലാദ്യമായി 67,000 രൂപ ഭേദിച്ച പവൻവില ഇന്ന് 68,000 രൂപയെന്ന പുത്തൻ നാഴികക്കല്ല് പിന്നിട്ടു. പവന് ഒറ്റയടിക്ക് 680 രൂപയും ഗ്രാമിന് 85 രൂപയുമാണ് കുതിച്ചുകയറിയത്.

ഇതോടെ, ഒരു പവൻ സ്വർണത്തിന് 68,080 രൂപയിലും ഗ്രാമിന് 8,510 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. 18 കാരറ്റ് സ്വർണവില ഗ്രാമിന് 70 രൂപ ഉയർന്ന് 6,980 രൂപയിലെത്തി. ഈ മാസത്തിന്റെ തുടക്കത്തിൽ 63,520 രൂപയായിരുന്നു സ്വർണവില. ഒരു മാസത്തിനിടെ 4,560 രൂപയാണ് വർധിച്ചത്. കഴിഞ്ഞ ഒരാഴ്ചയ്ക്കിടെ മാത്രം കൂടിയത് 2,600 രൂപയാണ്. ജനുവരി 22നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്.

31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി. ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില.

നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു. മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു.

ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. രാജ്യാന്തര സ്വർണവില തിങ്കളാഴ്ച കുറിച്ച ഔൺസിന് 3,109 ഡോളർ എന്ന റിക്കാർഡ് ഇന്ന് 40 ഡോളറോളം കുതിച്ചുകയറി 3,147.02 ഡോളറിലെത്തി.

അതേസമയം, വെള്ളി വില 112 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

## വടക്കാഞ്ചേരിയിൽ മധ്യവയസ്കൻ ട്രെയിനിൽനിന്നു വീണു മരിച്ച നിലയിൽ

വടക്കാഞ്ചേരി (തൃശൂർ): മധ്യവയ്സ്കനെ ട്രെയിനിൽ നിന്നു വീണ് മരിച്ച നിലയിൽ കണ്ടെത്തി. ഇന്ന് പുലർച്ചെ 1.30 നായിരുന്നു സംഭവം. വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷനിലായിരുന്നു അപകടം.ആളെ തിരിച്ചറിഞ്ഞിട്ടില്ല. റെയിൽവേ പോലീസും, വടക്കാഞ്ചേരി പോലീസും സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചു. മൃതദേഹം തൃശൂർ മെഡിക്കൽ കോളജിലേക്ക് മാറ്റി.

## എമ്പുരാൻ വിവാദം: ലോക്സഭയിലും ചർച്ചയില്ല; എംപിമാർ നൽകിയ നോട്ടീസ് തള്ളി

ന്യൂഡൽഹി: എമ്പുരാൻ വിവാദം ലോക്സഭയിലും ചർച്ച ചെയ്തില്ല. വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് കോൺഗ്രസ് എംപിമാർ നൽകിയ നോട്ടീസ് തള്ളി.

കോൺഗ്രസ് എംപിമാരായ ഹൈബി ഈഡൻ, ഡീൻ കുര്യാക്കോസ്, ബെന്നി ബെഹനാൻ, ആൻറോ ആൻറണി എന്നിവരാണ് നോട്ടീസ് നൽകിയത്. സിനിമയ്ക്കും അണിയറ പ്രവർത്തകർക്കുമെതിരായ സൈബർ ആക്രമണങ്ങളും, പ്രധാനപ്പെട്ട രംഗങ്ങൾ എഡിറ്റ് ചെയ്യണമെന്നതും ഫാസിസ്റ്റ് കൽപ്പനയാണെന്നും17 ഓളം രംഗങ്ങൾ എഡിറ്റ് ചെയ്ത് നീക്കണമെന്ന തീരുമാനം ആവിഷ്കാര സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാണെന്നും എംപിമാർ ആരോപിച്ചു. എന്നാൽ വിഷയം ചർച്ചയ്ക്കെടുക്കാതെ സ്പീക്കർ തള്ളി. അതേസമയം സഭാ നടപടികൾ നിർത്തിവച്ച് വിഷയം ചർച്ച ചെയ്യണമെന്ന് രാജ്യസഭയിൽ നൽകിയ നോട്ടീസും തള്ളിയിരുന്നു. സിപിഎം എംപി എ. എ. റഹീമാണ് നോട്ടിസ് നൽകിയത്. എന്നാൽ റഹീമിന്റെ ആവശ്യം രാജ്യസഭാ അധ്യക്ഷൻ തള്ളുകയായിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA
2025 April 2 Wednesday


# വലിയമല ഐ എസ് ആർ ഒ സ്ഥലമേറ്റെടുപ്പ്: മന്ത്രി ജി ആർ അനിൽ യോഗം ചേർന്നു



മന്ത്രി ജി ആർ അനിലിന്റെ അധ്യക്ഷതയിൽ വലിയമല ഐഎസ്ആർഒ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട യോഗം ചേരുന്നു.

ഐ എസ് ആർ ഒ സ്ഥാപനമായ ലിക്വിഡ് പ്രൊപൽഷൻ സിസ്റ്റംസ് സെന്ററിന്റെ വലിയമല ആസ്ഥാനത്തുള്ള 25 കുടുംബങ്ങൾ താമസിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നാട്ടുകാരുടെ ആശങ്കകൾ പരിഹരിച്ച് മുന്നോട്ടുപോകണമെന്ന് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി ആർ അനിൽ പറഞ്ഞു. സെക്രട്ടറിയേറ്റിലെ മന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.ഐഎസ്ആർഒ കോമ്പൗണ്ടിനോട് അടുത്തുവരുന്ന പ്രദേശത്തെ 25 കുടുംബങ്ങൾക്ക് സഞ്ചരിക്കുന്നതിന് ഏറെ പ്രയാസങ്ങൾ നേരിട്ടിരുന്നു. ഐ എസ് ആർ ഒയുടെ കോമ്പൗണ്ടിനുള്ളിലൂടെ കടന്നു മാത്രമേ പ്രദേശവാസികൾക്ക് വീടുകളിലേക്ക് എത്തിച്ചേരാൻ സാധിച്ചിരുന്നുള്ളു. പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ പ്രദേശം കൂടി ഐ എസ്ആർഒ ഏറ്റെടുക്കണമെന്ന ആവശ്യമായിരുന്നു പ്രദേശവാസികൾക്ക്. സ്ഥലം ഏറ്റെടുക്കലിൽ വരുന്ന പരാതികൾ സൗഹൃദപരമായി ചർച്ചയിലൂടെ പരിഹരിച്ച് മുന്നോട്ട്പോകണമെന്ന് മന്ത്രി യോഗത്തിൽ വ്യക്തമാക്കി. സമീപ പ്രദേശങ്ങളിലെ വീടുകൾക്ക് വഴി പൂർണ്ണമായും തടസ്സപ്പെടുന്നത്, ബൗണ്ടറി തിരിക്കുമ്പോൾ ഗതാഗത സൗകര്യം ഉറപ്പാക്കുന്നത് ഉഃൾപ്പടെയുള്ള പരാതികൾ യോഗത്തിൽ ചർച്ച ചെയ്തു.ഐ എസ് ആർ ഒ കോമ്പൗണ്ടിനോട് അടുത്തുവരുന്ന ഇടമല ഭാഗത്തായി 25 വീടുകൾ ഉൾപ്പെടുന്ന മൂന്ന് ഏക്കർ സ്ഥലം വിട്ടുനൽകാൻ ഉടമസ്ഥർ തയാറായ സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. മൂന്ന് മാസത്തിനുള്ളിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള കേന്ദ്ര അനുമതി ലഭിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കണമെന്ന് എൽ പി എസ് സി ഡയറക്ടറോട് നിർദ്ദേശിച്ചു. നേരിട്ടുള്ള വിലപേശൽ നടത്തിയുള്ള ക്രയവിക്രയത്തിനുള്ള കേന്ദ്രവകുപ്പിന്റെ അനുമതി ലഭ്യമായാൽ കാലതാമസം ഒഴിവാക്കി വേഗത്തിൽ സംസ്ഥാന സർക്കാർ നടപടികൾ പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു.സ്ഥലം ഏറ്റെടുക്കൽ നടപ്പിലാക്കുന്നതു വരെ താൽക്കാലിക വയർ ഫെൻസിങ് സ്ഥാപിക്കുമ്പോൾ വാഹനങ്ങൾ കടന്നുപോകുവാനുള്ള സൗകര്യമൊരുക്കും. റോഡിന്റെ ഇരുവശങ്ങളും ഐ എസ് ആർ ഒ ഏറ്റെടുത്തപ്പോൾ സുരക്ഷാ മേഖലയുടെ മധ്യത്തിലൂടെയുള്ള പതിനാറാം കല്ല് - മല്ലമ്പ്രക്കോണം റോഡ് ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിൽ നടപടി ഉറപ്പാകാണമെന്നും ഇക്കാര്യങ്ങൾ പഠിച്ച് ജനങ്ങൾക്ക് ഉപകാരപ്പെടുന്ന സാധ്യമായ തീരുമാനം സ്വീകരിക്കണമെന്നും ഐ എസ് ആർ ഒ ഉദ്യോഗസ്ഥരോട് മന്ത്രി ആവശ്യപ്പെട്ടു.

ജില്ലാ കളക്ടർ അനുകുമാരി, എൽ പി എസ് സി ഡയറക്ടർ എം മോഹൻ, കൺട്രോളർ രാമകൃഷ്ണൻ നഗരസഭ ചെയർപേഴ്സൺ സി.എസ് ശ്രീജ,, ആർ ഡി ഒ കെ പി ജയകുമാർ, എൽ എ ഡെപ്യൂട്ടി കളക്ടർമാരായ ജേക്കബ് സഞ്ജയ് ജോൺ, പ്രേംലാൽ തഹസീൽദാർ സജി, സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ ഹരികേശൻ നായർ, കൗൺസിലർമാരായ വിദ്യ, ലളിത നാട്ടുകാരുടെ പ്രതിനിധികൾ ഉൾപ്പടെയുള്ളവർ യോഗത്തിൽ പങ്കെടുത്തു.

## ഷഹബാസ് കൊലപാതകക്കേസ്; കുറ്റാരോപിതരായ വിദ്യാർഥികളുടെ ജാമ്യാപേക്ഷ വ്യാഴാഴ്ച പരിഗണിക്കും

കോഴിക്കോട്: താമരശേരി ഷഹബാസ് കൊലപാതകക്കേസിൽ കുറ്റാരോപിതരായ ആറു വിദ്യാർഥികളുടെ ജാമ്യാപേക്ഷ പരിഗണിക്കുന്നത് കോഴിക്കോട് ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതി വ്യാഴാഴ്ചത്തേക്ക് മാറ്റി.

ക്രിമിനൽ സ്വഭാവമുള്ള കുട്ടികൾക്ക് ജാമ്യം നൽകരുതെന്നും രേഖകൾ സമർപ്പിക്കാനുണ്ടെന്നുമുള്ള തടസവാദം ഷഹബാസിന്റെ പിതാവ് ഇന്ന് കോടതിയിൽ ഉന്നയിച്ചു. ഇതോടെയാണ് ഹർജി പരിഗണിക്കുന്നത് മാറ്റിയത്.

ജുവനൈൽ ജസ്റ്റിസ് ബോർഡ് നേരത്തെ ജാമ്യ ഹർജി തള്ളിയതോടെയാണ് കുറ്റാരോപിതർ ജില്ലാ കോടതിയെ സമീപിച്ചത്. ഫെബ്രുവരി 28 നാണു താമരശേരിയിൽ വിദ്യാർഥികൾ തമ്മിൽ സംഘർഷം ഉണ്ടായത്.

ഇതിനിടെയാണ് ഷഹബാസിന് തലയ്ക്ക് ഗുരുതരമായി പരിക്കേറ്റത്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് ഷഹബാസ് മരിച്ചത്.

## കേരള യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ എക്സൈസ് മിന്നൽ റെയ്ഡ്; കഞ്ചാവ് പിടികൂടി

തിരുവനന്തപുരം: കളമശേരി ഗവ. പോളിടെക്നിക് ഹോസ്റ്റലിൽ നിന്ന് കഞ്ചാവ് പിടിച്ചെടുത്ത സംഭവത്തിന് പിന്നാലെ തലസ്ഥാനത്തെ കേരള യൂണിവേഴ്സിറ്റിയുടെ ഹോസ്റ്റലിലും എക്സൈസ് പരിശോധന.

പാളയത്തെ യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ എക്സൈസ് സംഘം നടത്തിയ റെയ്ഡിൽ കഞ്ചാവ് പിടികൂടി. രഹസ്യ വിവരത്തെ തുടർന്ന് ഹോസ്റ്റലിലെ 15 മുറികളിലാണ് എക്സൈസ് സംഘം മിന്നൽ പരിശോധന നടത്തിയത്. എഴുപതിലധികം മുറികളുള്ള ഹോസ്റ്റലിലെ ഒരു മുറിയിൽ നിന്ന് 20 ഗ്രാം കഞ്ചാവാണ് പിടികൂടിയത്. ഈ മുറിയിൽ ആളുണ്ടായിരുന്നില്ല. 12.30ഓടെ പരിശോധന പൂർത്തിയാക്കി എക്സൈസ് സംഘം മടങ്ങി.

## മരിച്ചയാളുടെ പഴ്സിൽനിന്ന് 3,000 രൂപ മോഷ്ടിച്ച എസ്ഐക്കെതിരേ തുടർനടപടിക്കു സാധ്യത

ആലുവ: മരിച്ചയാളുടെ പഴ്സിൽ നിന്ന് 3,000 രൂപ മോഷ്ടിച്ച കേസിൽ സസ്പെൻഷനിലായ ഗ്രേഡ് എസ്ഐക്കെതിരേ തുടർനടപടിക്ക് സാധ്യത.

വിശദമായ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ക്രൈംബ്രാഞ്ച് ഡിവൈഎസ്പിപി എം. വർഗീസിന് എസ്പി ഡോ. വൈഭവ് സക്സേന നിർദേശം നൽകി. പോലീസ് സേനക്ക് നാണക്കേടുണ്ടാക്കിയ ഗ്രേഡ് എസ്ഐ സലീമിനെ ആദ്യഘട്ടത്തിൽ രക്ഷിക്കാൻ സഹപ്രവർത്തകർ ശ്രമിച്ചെന്നും സൂചനയുണ്ട്.

കഴിഞ്ഞ മാസം 19ന് നടന്ന സംഭവം ദിവസങ്ങൾ കഴിഞ്ഞാണ് ഉന്നത ഉദ്യോഗസ്ഥർ അറിഞ്ഞത്. ട്രെയിനിൽനിന്ന് വീണ് മരിച്ച ആസാം സ്വദേശിയുടെ ബാഗ് പോലീസ് സ്റ്റേഷനിൽ എത്തിച്ചപ്പോൾ അതിലെ പഴ്സിൽ നിന്നാണ് എസ്ഐ പണം കവർന്നത്. സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചപ്പോഴാണ് മോഷണം കണ്ടെത്തിയത്. ആലുവ ഡിവൈഎസ്പി പി. ആർ. രാജേഷ് നടത്തിയ പ്രാഥമിക അന്വേഷണ റിപ്പോർട്ടിലും എസ്ഐ സലിം സേനയ്ക്ക് കളങ്കമുണ്ടാക്കിയെന്ന് പരാമർശമുണ്ട്. ആലുവ ടൗൺ പോലീസ് സ്റ്റേഷനിലെ എസ്ഐയായിരുന്ന സലീമിനെ ട്രാഫിക്ക് സ്റ്റേഷനിലേക്ക് സ്ഥലം മാറ്റിയ ശേഷമാണ് സസ്പെൻഡ് ചെയ്തത്.

ഇതിന് മുമ്പ് സേവന മനുഷ്ഠിച്ച പോലീസ് സ്റ്റേഷനുകളിലും സലീമിനെതിരേ നടപടി ഉണ്ടായിട്ടുണ്ട്.

## മുംബൈ ഇന്ത്യൻസിന് സീസണിലെ ആദ്യ ജയം; കോൽക്കത്തയെ തകർത്തു

മുംബൈ: ഐപിഎല്ലിൽ ആദ്യ ജയം സ്വന്തമാക്കി മുംബൈ ഇന്ത്യൻസ്. കോൽക്കത്ത ഉയർത്തിയ 117 റൺസ് വിജയലക്ഷ്യം 12.5 ഓവറിൽ രണ്ടു വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തി മുംബൈ മറികടന്നു. 41 പന്തിൽ നിന്ന് അഞ്ച് സിക്സും നാല് ഫോറുമടക്കം 61 റൺസോടെ പുറത്താകാതെ നിന്ന ഓപ്പണർ റയാൻ റിക്കെൽട്ടണാണ് മുംബൈയുടെ ജയം എളുപ്പമാക്കിയത്. രോഹിത് ശർമ (13), വിൽ ജാക്ക്സ് (16) എന്നിവരുടെ വിക്കറ്റുകളാണ് മുംബൈക്ക് നഷ്ടമായത്. സൂര്യകുമാർ യാദവ് ഒമ്പത് പന്തിൽ നിന്ന് 27 റൺസോടെ പുറത്താകാതെ നിന്നു.

രണ്ട് സിക്സും മൂന്ന് ഫോറുമടങ്ങുന്നതായിരുന്നു സൂര്യയുടെ ഇന്നിംഗ്സ്. കോൽക്കത്തയ്ക്കായി ആന്ദ്രേ റസൽ രണ്ടു വിക്കറ്റ് വീഴ്ത്തി. നേരത്തെ, ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത കോൽക്കത്ത 16.2 ഓവറിൽ 116 റൺസിന് എല്ലാവരും പുറത്തായി. 16 പന്തിൽനിന്ന് 26 റൺസെടുത്ത ആംഗ്രിഷ് രഘുവംശിയാണ് കോൽക്കത്തയുടെ ടോപ് സ്കോറർ. ഒമ്പതാമനായി ഇറങ്ങി 12 പന്തിൽ നിന്ന് 22 റൺസെടുത്ത രമൺദീപ് സിംഗാണ് കോൽക്കത്തയുടെ സ്കോർ 100 കടത്തിയത്.

അജിങ്ക്യ രഹാനെ (11), റിങ്കു സിങ് (17), ഇംപാക്റ്റ് പ്ലെയർ മനീഷ് പാണ്ഡെ (19) എന്നിവരാണ് കോൽക്കത്ത നിരയിൽ രണ്ടക്കം കടന്നവർ. ക്വിൻറൺ ഡിക്കോക്ക് (ഒന്ന്), സുനിൽ നരെയ്ൻ (0), വെങ്കടേഷ് അയ്യർ (മൂന്ന്), ആന്ദ്രേ റസൽ (അഞ്ച്) എന്നിവരെല്ലാം നിരാശപ്പെടുത്തി. നാല് വിക്കറ്റുകൾ വീഴ്ത്തിയ അശ്വനി കുമാറാണ് മുംബൈയുടെ താരം. അജിങ്ക്യ രഹാനെ, റിങ്കു സിംഗ്, മനീഷ് പാണ്ഡെ, ആന്ദ്രെ റസൽ എന്നിവരുടെ വിക്കറ്റുകളാണ് അശ്വനി കുമാർ സ്വന്തമാക്കിയത്. രണ്ട് ഓവറിൽ 19 റൺസ് വഴങ്ങിയ ദീപക് ചഹർ രണ്ട് വിക്കറ്റുകൾ നേടി. ട്രെൻഡ് ബോൾട്ട്, ഹർദിക് പാണ്ഡ്യ, വിഘ്നേഷ് പുത്തൂർ, മിച്ചൽ സാൻറ്നർ എന്നിവർ ഓരോ വിക്കറ്റ് വീതം വീഴ്ത്തി.

## യുവാവ് പോലീസ് സ്റ്റേഷനിൽ തൂങ്ങിമരിച്ച നിലയിൽ

വയനാട്: കൽപ്പറ്റ പോലീസ് സ്റ്റേഷന്റെ ശുചിമുറിയിൽ യുവാവിനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. അമ്പലവയൽ നെല്ലാച്ചാൽ സ്വദേശി ഗോകുൽ(18) ആണ് മരിച്ചത്. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെയും ഗോകുലിനെയും കഴിഞ്ഞ ദിവസം കാണാതായിരുന്നു. ഇരുവരെയും കോഴിക്കോട്ട് നിന്നാണ് പോലീസ് കണ്ടത്തിയത്. ഈ കേസിന്റെ നടപടികൾ തുടരുന്നതിനിടെ ശുചിമുറിയിലേക്ക് പോകണമെന്ന് പറഞ്ഞ് പോയ ഇയാൾ ജീവനൊടുക്കുകയായിരുന്നു.

## എട്ട് മാസം ഗർഭിണിയായ യുവതി ജീവനൊടുക്കിയ സംഭവം; ഭർതൃവീട്ടുകാർക്കെതിരേ പരാതി

കോട്ടയം: കടപ്ലാമറ്റത്ത് എട്ട് മാസം ഗർഭിണിയായ യുവതി ജീവനൊടുക്കിയ സംഭവത്തിൽ ഭർതൃവീട്ടുകാർക്കെതിരേ പരാതിയുമായി യുവതിയുടെ കുടുംബം. കടപ്ലാമറ്റം സ്വദേശിനി അമിതാ സണ്ണി (32) ആണ് മരിച്ചത്.

ഭർത്താവിന്റെ വീട്ടിലെ പീഡനമാണ് യുവതിയെ ആത്മഹത്യയിലേക്ക് നയിച്ചതെന്ന് വീട്ടുകാർ ആരോപിച്ചു. ഭർത്താവ് അഖിൽ മദ്യപാനി ആയിരുന്നുവെന്നും വീട്ടിൽ എന്നും പ്രശ്നങ്ങൾ പതിവായിരുന്നുവെന്നും യുവതിയുടെ പിതാവ് പറഞ്ഞു.

ആത്മഹത്യചെയ്യുന്നതിന് മുൻപ് മകൾ ഫോണിൽ വിളിച്ചിരുന്നു. രണ്ട് മക്കളെയും നോക്കണമെന്ന് പറഞ്ഞ് ഫോൺ സ്വിച്ച് ഓഫ് ചെയ്യുകയായിരുന്നെന്നും ഇദ്ദേഹം പറഞ്ഞു. സംഭവത്തിൽ കടുത്തുരുത്തി പോലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്തിട്ടുണ്ട്.

ഞായറാഴ്ചയാണ് കണ്ടാറ്റുപാടം സ്വദേശി അഖിൽ മാനുവലിന്റെ ഭാര്യ അമിത ജീവനൊടുക്കിയത്. നാല് വർഷം മുന്പായിരുന്നു ഇവരുടെ വിവാഹം.

## പതിനാലുകാരി ആറ്റിൽ ചാടി മരിച്ച സംഭവം; അയൽവാസി കസ്റ്റഡിയിൽ

പത്തനംതിട്ട: വലഞ്ചുഴിയിൽ പതിനാലുകാരി ആറ്റിൽ ചാടി മരിച്ച സംഭവത്തിൽ അയൽവാസിയായ യുവാവ് കസ്റ്റഡിയിൽ. അഴൂർ സ്വദേശി ആവണിയാണ് മരിച്ചത്.

യുവാവ് അച്ഛനെയും സഹോദരനെയും മർദിക്കുന്നത് കണ്ടാണ് പെൺകുട്ടി ആറ്റിൽ ചാടിയതെന്നാണ് എഫ്ഐആർ. എന്നാൽ നിലവിൽ ആരെയും കേസിൽ പ്രതിചേർത്തിട്ടില്ല. തിങ്കളാഴ്ച രാത്രിയാണ് സംഭവം. വീട്ടുകാർക്കൊപ്പം വലഞ്ചുഴി ക്ഷേത്രത്തിൽ ഉത്സവം കാണാനെത്തിയതാണ് പെൺകുട്ടി. ഇതിനിടെ പെൺകുട്ടിയുടെ പേരിൽ യുവാവും വീട്ടുകാരുമായി വഴക്കുണ്ടായി. ഇതിനിടെ യുവാവ് പെൺകുട്ടിയുടെ അച്ഛനെയും സഹോദരനെയും മർദിക്കുകയായിരുന്നു.വിശദമായ അന്വേഷണത്തിന് ശേഷം ഇയാൾക്കെതിരേ തെളിവുകൾ ലഭിച്ചാൽ ആത്മഹത്യാപ്രേരണാകുറ്റം അടക്കം ചുമത്തി കേസെടുക്കുമെന്ന് പോലീസ് അറിയിച്ചു.

## ബജ്രംഗി മാറി ബൽദേവ്; 24 വെട്ടുമായി പുതിയ എമ്പുരാൻ



തിരുവനന്തപുരം: എമ്പുരാന്റെ പുതിയ പതിപ്പിൽ വെട്ടുന്നത് 17 ഭാഗങ്ങളല്ല, 24 ഭാഗങ്ങൾ. റി എഡിറ്റഡ് സെൻസർ രേഖ പുറത്തുവന്നു. പ്രധാന വില്ലൻ കഥാപാത്രത്തിന്റെ പേര് ബൽരാജ് ബജ്!രംഗി എന്നതിനു പകരം 'ബൽദേവ്' എന്നാക്കി. കാണാനില്ല എന്ന പത്രവാർത്തിയിലെ പേരും ബൽദേവ് എന്നു മാറ്റിയിട്ടുണ്ട്. നന്ദികാർഡിൽ നിന്നു കേന്ദ്രമന്ത്രി സുരേഷ് ഗോപിയുടെ പേരും ഒഴിവാക്കി. തന്റെ പേര് ഒഴിവാക്കണമെന്ന് സുരേഷ് ഗോപി അണിയറപ്രവർത്തകരോട് ആവശ്യപ്പെട്ടിരുന്നു. ജ്യോതിഷ് മോഹൻ ഐആർഎസിനു നന്ദി പറയുന്ന കാർഡും മാറ്റിയിട്ടുണ്ട്.

വ്യാപകമായ പ്രതിഷേധം ഉയർന്നതിനു പിന്നാലെയാണ് സിനിമയുടെ റി എഡിറ്റഡ് പതിപ്പ് പുറത്തിറക്കുന്നത്. മതകേന്ദ്രത്തിനു മുന്നിലൂടെ ട്രാക്ടറും വാഹനങ്ങളും പോകുന്ന ദൃശ്യങ്ങൾ മുറിച്ചു നീക്കി. അക്രമങ്ങളുടെയും മൃതദേഹങ്ങളുടെയും സീനുകൾ ഒഴിവാക്കി. ബൈൽരാജ്, പീതാംബരൻ എന്നീ കഥാപാത്രങ്ങളുടെ ചില സീനുകൾ നീക്കം ചെയ്തു. കാറിന്റെ നെയിം ബോർഡ് മാറ്റുകയും എൻഐഎ എന്ന വാക്ക് മ്യൂട്ട് ചെയ്യുകയും ചെയ്തു. ടിവി ന്യൂസ് ദൃശ്യങ്ങളും മാറ്റി. മസൂദും സയീദ് മസൂദും തമ്മിലുള്ളതും ബൽരാജും മുന്നയും തമ്മിലുള്ളതുമായ ചില സംഭാഷണങ്ങളും മാറ്റി.

കൂടാതെ സ്ത്രീ കഥാപാത്രത്തിന്റെ തല തുടർച്ചയായി ഭിത്തിയിൽ ഇടിപ്പിക്കുന്ന സീനും സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമം കാണിക്കുന്ന സീനുകളും മുറിച്ചുമാറ്റി. ദേശീയ പതാകയുടെ നിറം സംബന്ധിച്ചുള്ള സംഭാഷണം ഒഴിവാക്കി. ഒരു കാലഘട്ടം വ്യക്തമാക്കിയിരുന്ന കാർഡ് മാറ്റി 'കുറച്ചു വർഷങ്ങൾക്കു മുൻപ്' എന്നാക്കി. മൊഹ്സീനെ കൊല്ലുന്ന സീൻ മാറ്റി. സ്വരൂപ കർത്ത, കെ. റോഷ്നി ദാസ്, ജി. എം. മഹേഷ്, എം. എം. മഞ്ജുഷൻ, ടി. നദീം തുഫൈൽ എന്നിവരടങ്ങുന്ന കമ്മിറ്റി ചിത്രം കണ്ട് നൽകിയ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് വീണ്ടും സർട്ടിഫൈ ചെയ്തത്. ആകെ 2.08 മിനിറ്റ് ദൃശ്യങ്ങളാണ് മാറ്റിയിരിക്കുന്നത്. മാറ്റങ്ങളുമായി പുതിയ പതിപ്പ് നാളെ തിയറ്ററുകളിൽ എത്തും.

## രണ്ടു സംസ്ഥാനങ്ങൾ 45 ലക്ഷം വിലയിട്ട വനിതാ മാവോയിസ്റ്റ് കൊല്ലപ്പെട്ടു

ദന്തേവാഡ: രണ്ടു സംസ്ഥാനങ്ങൾ 45 ലക്ഷം രൂപ വിലയിട്ട മുതിർന്ന വനിതാ മാവോയിസ്റ്റ് ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു.

ഗുമ്മഡിവേലി രേണുകയാണ് ബസ്തർ മേഖലയിൽ കൊല്ലപ്പെട്ടത്. ഇവരുടെ തലയ്ക്ക് ഛത്തീസ്ഗഡ് 25 ലക്ഷം രൂപയും തെലുങ്കാന 20 ലക്ഷം രൂപയും വിലയിട്ടിരുന്നു. ഇന്നലെ രാവിലെ ഒൻപതോടെ ദന്തേവാഡബിജാപുർ ജില്ലകളുടെ അതിർത്തിയായ വനമേഖലയിലാണ് ഏറ്റുമുട്ടൽ ആരംഭിച്ചത്. രണ്ടു മണിക്കൂർ നീണ്ട ഏറ്റുമുട്ടലിനൊടുവിൽ രേണുകയുടെ മൃതദേഹം ഡിആർജി സംഘം കണ്ടെടുത്തു. ഒരു ഇൻസാസ് റൈഫിൾ, സ്ഫോടകവസ്തുക്കൾ, ലാപ്ടോപ്പ്, മാവോയിസ്റ്റ് ലഘുലേഖകൾ എന്നിവയും ഏറ്റുമുട്ടൽസ്ഥലത്തുനിന്നു കണ്ടെടുത്തു. മാവോയിസ്റ്റുകളുടെ ഏറ്റവും പ്രബല വിഭാഗമായ ദണ്ഡകാരണ്യ സ്പെഷൽ സോണൽ കമ്മിറ്റി അംഗമായ രേണുക 1996 മുതൽ സിപിഐ(മാവോയിസ്റ്റ്) അംഗമാണ്. ഭാനു, ചായ്തേ, സരസ്വതി, ദമയന്തി എന്നീ പേരുകളിലും അറിയപ്പെട്ടിരുന്ന രേണുക തെലുങ്കാന വാറങ്കലിലെ കഡ്വേന്ദി ഗ്രാമക്കാരിയാണ്. 2003ൽ മാവോയിസ്റ്റ് സംഘടനയുടെ ഡിവിഷണൽ കമ്മിറ്റി അംഗമായ രേണുക മുതിർന്ന നേതാക്കളായ സ്പെഷൽ സോണൽ കമ്മിറ്റി (എസ്സെഡ്സി) അംഗം കൃഷ്ണ അണ്ണ, കേന്ദ്ര കമ്മിറ്റി അംഗം ദുല ദാദ, എസ്സെഡ്സി അംഗം രാമണ്ണ എന്നിവർക്കൊപ്പം പ്രവർത്തിച്ചു.

2020ൽ കോവിഡ് മൂലം രാമണ്ണ മരിച്ചപ്പോൾ രേണുക എസ്സെഡ്സി അംഗമായി ഉയർത്തപ്പെട്ടു. 2005ൽ മാവോയിസ്റ്റ് കേന്ദ്ര കമ്മിറ്റി അംഗം രവി എന്നറിയപ്പെടുന്ന ശങ്കമുരി അപ്പാറാവുവിനെ രേണുക വിവാഹം ചെയ്തു. 2010ൽ ആന്ധ്രപ്രദേശിൽ നടന്ന ഏറ്റുമുട്ടലിൽ അപ്പാറാവു കൊല്ലപ്പെട്ടു. ഛത്തീസ്ഗഡിൽ ഈ വർഷം 135 മാവോയിസ്റ്റുകളെ സുരക്ഷാസേന ഏറ്റുമുട്ടലിൽ വധിച്ചു. ഇവരിൽ 119 പേർ കൊല്ലപ്പെട്ടത് ബസ്തർ ഡിവിഷനിലായിരുന്നു.

## കിക്മ എം.ബി.എ അഭിമുഖം

തിരുവനന്തപുരത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) എം.ബി.എ. (ഫുൾ ടൈം) 2025-27 ബാച്ചിലേക്ക് പ്രവേശനത്തിനുള്ള അഭിമുഖം ഏപ്രിൽ 5 ന് രാവിലെ 10 മണി മുതൽ കിക്മ കോളേജ് ക്യാമ്പസിൽ നടത്തും.കേരള സർവകലാശാലയുടെയും, എ.ഐ.സി.റ്റി.യുടെയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവൽസര കോഴ്സിൽ ലോജിസ്റ്റിക്സ്, ബിസിനസ് അനലിറ്റിക്സ്, ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, എന്നിവയിൽ സ്പെഷ്യലൈസേഷന് അവസരമുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശ്രിതർക്കും ഫിഷറീസ് സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾക്കും പ്രത്യേക സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് സർക്കാർ യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യവും ലഭ്യമാണ്.50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. കെ-മാറ്റ്, സി-മാറ്റ്, ക്യാറ്റ് പ്രവേശന പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കും അഡ്മിഷനിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: 9496366741, 8547618290, www.kicma.ac.in